JESUS REDEEMS MINISTRIES

# യുവജനലോകം

ഡിസംബർ 2024

ആവശ്യത്തിലിരിക്കുന്നവരെ അന്വേഷിച്ച് ചെന്ന്,
നിങ്ങൾക്കുള്ളത് അവർക്ക്

## സ്നേഹാദരവോടെ പകർന്നു നൽകുവിൻ!



# ഫോണിന്റെ ഉപയോഗം!

TECH - 11




നമസ്കാരം സ്നേഹിതരെ! ഈ പംക്തിയിലൂടെ വീണ്ടും നിങ്ങളെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. വർഷത്തിന്റെ അവസാന മാസത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. പുതുവർഷത്തിലേക്ക് കടക്കുമ്പോൾ നാം അനിവാര്യമായ പല തീരുമാനങ്ങളും എടുക്കുന്നു. നിരവധി തീരുമാനങ്ങൾ എടുക്കാറുണ്ടെങ്കിലും, ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് വ്യായാമം. എങ്ങനെ ആരോഗ്യകരമായി ശരീരം നിലനിർത്താം?, അതിന് നമ്മുടെ മൊബൈൽ എങ്ങനെ സഹായിക്കുന്നു എന്നുമുള്ള കാര്യങ്ങൾ ഉൾപ്പെട്ടിരിക്കുന്ന രണ്ട് മൊബൈൽ ആപ്പുകളെ കുറിച്ച് ഈ മാസം നമുക്ക് കാണാം.

## Google Fit

സാങ്കേതിക രംഗത്ത് മുൻനിര കമ്പനിയാണ് ഗൂഗിൾ. ഗൂഗിൾ അതിന്റെ ഉപഭോക്താക്കൾക്ക് വിവിധ സൗകര്യങ്ങൾ നൽകുന്നു. അതിൽ ഒന്നാണ് Google Fit ആപ്പ്.

ഈ ഒരൊറ്റ ആപ്പിൽ എല്ലാ fitness ഡാറ്റയും ആക്സസ് ചെയ്യാൻ കഴിയും. നിങ്ങൾ ഒരു ദിവസം എത്ര ദൂരം നടന്നു, ശരീരത്തിലെ കൊഴുപ്പ്, കലോറി, റണ്ണിംഗ് വിശദാംശങ്ങൾ, നടത്തം തുടങ്ങിയ എല്ലാ ഡാറ്റയും ഈ ആപ്പിൽ കണ്ടെത്താനാകും. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്ന് നിങ്ങൾക്ക് ഈ ആപ്പ് ഡൗൺലോഡ് ചെയ്യാം.


ഒരിക്കൽ login ചെയ്ത് നിങ്ങളുടെ ഉയരവും ഭാരവും രേഖപ്പെടുത്തിയാൽ തുടർന്ന് നിങ്ങളെ സ്വയം അറിഞ്ഞിരിക്കുവാൻ ഈ ആപ്പ് നിങ്ങളെ സഹായിക്കുന്നു.

## Calorie Counter - My Fitness pal

വ്യായാമം ചെയ്യുന്നതുപോലെ തന്നെ നമ്മുടെ ഭക്ഷണക്രമവും ശരീരം ആരോഗ്യത്തോടെ നിലനിർത്താൻ സഹായിക്കും. ഈ ആപ്പ് ഉപയോഗിച്ച്, നമ്മുടെ ഭക്ഷണക്രമവും വ്യായാമവും ശരിയായ ക്രമത്തിലാണോ എന്ന് കണ്ടുപിടിക്കാം. തടി കുറയുകയാണെങ്കിലും, തടി കൂടുകയാണെങ്കിലും, അതുപോലെ തുടരുകയാണെങ്കിലും നമ്മുടെ ഭക്ഷണക്രമവും വ്യായാമവും ഇതിന് അനുയോജ്യമാണോ എന്ന് കണ്ടെത്താം. Fitbit പോലെയുള്ള മറ്റ് ആപ്പുകളോടൊപ്പവും ഈ ആപ്പ് ഉപയോഗിക്കാൻ കഴിയും. ഈ ആപ്പ് വഴി അനേകരെ നിങ്ങൾക്ക് ചേർത്തുകൊള്ളാൻ കഴിയും. ഈ രീതിയിൽ, ഫിറ്റ്നസ് പ്രേമികൾക്കായി ഒരു സാമൂഹിക ഘടന സൃഷ്ടിക്കാൻ കഴിയും.




പ്രിയ യൗവനക്കാരെ! നാം ശാരീരികമായും ആത്മീയമായും കർത്താവിൽ വളരണം. നമ്മുടെ ശരീരം ദൈവത്തിന്റെ ആലയമാണ്. വരാനിരിക്കുന്ന പുതുവർഷത്തിൽ, നമുക്ക് നമ്മുടെ ശരീരമായ ആലയത്തെ പരിപാലിക്കാം. കർത്താവിനുവേണ്ടി എഴുന്നേറ്റ് പ്രകാശിക്കാം!





# ആമുഖം



*പ്രിയപ്പെട്ട യൗവനക്കാരെ, യേശുക്രിസ്തുവിന്റെ മാധുര്യനാമത്തിൽ എന്റെ സ്നേഹാശംസകൾ!*



2024 ഇപ്പോൾ ആരംഭിച്ചതുപോലെ തോന്നി, അപ്പോഴേക്കും നാം ഡിസംബർ മാസത്തിൽ എത്തിയിരിക്കുന്നു. കഴിഞ്ഞ 11 മാസവും നമ്മെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുപരിപാലിച്ച കർത്താവിനെ സ്തുതിക്കുവിൻ.

ഡിസംബർ മാസം എന്നാൽ എല്ലാവർക്കും ഒരു വശത്ത് ക്രിസ്തുവിന്റെ ജനനത്തിന്റെ സന്തോഷം, മറുവശത്ത്, ക്രിസ്തുമസ് ആഘോഷങ്ങളുടെ മാസവുമായതിനാൽ അത് വളരെ സന്തോഷം നൽകുന്നു. എന്നാൽ ഉണർവിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട യൗവനക്കാരായ നിങ്ങൾ തീയായി എഴുന്നേൽക്കേണ്ടതിന്റെ ആവശ്യം എന്തെന്നാൽ, ഇത് ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള സുവിശേഷം അറിയിക്കേണ്ട മാസമാണ്! ഈ സന്തോഷവാർത്ത ക്രിസ്തുമസ് ദിവസത്തിൽ മാത്രമല്ല, ഡിസംബർ മാസം മുഴുവനും ആഘോഷിക്കുകയും അറിയിക്കുകയും വേണം. അതുകൊണ്ട് ഈ വർഷം കർത്താവിന്റെ നിർദ്ദേശപ്രകാരം ഒരു കോടി ലഘുലേഖകളുടെ പാക്കറ്റുകൾ തയാറാക്കി പ്രാർത്ഥനയോടെ തമിഴ്നാട് മുഴുവനും നൽകുവാൻ പദ്ധതിയിട്ടിരിക്കുന്നു. ഇതിൽ യൗവനക്കാരായ നിങ്ങളുടെ പങ്കും പരിശ്രമവും വളരെ ഉയർന്നതാണ്. അതുകൊണ്ട് യൗവനക്കാരായ നിങ്ങൾ ഓരോരുത്തരും പ്രാർത്ഥനാപൂർവ്വം പരിശ്രമിക്കണം. നിങ്ങൾക്ക് ലഭിച്ച രക്ഷയുടെ സന്തോഷം എല്ലാ യൗവനക്കാരും പ്രാപിക്കണം എന്നത് നിങ്ങളുടെ ഹൃദയത്തിന്റെ വാഞ്ചയായിരിക്കണം.

ഇന്നും പാപത്തോട് മല്ലിട്ടുകൊണ്ടിരിക്കുന്ന യൗവനക്കാരുണ്ട്. പലതരത്തിലുള്ള അടിമത്തത്തിൽ ആയിരിക്കുകയും, വിടുതലിനായി പ്രാർത്ഥിക്കുകയും ചെയ്യുന്ന ധാരാളം യൗവനക്കാരുണ്ട്.

- ഇന്ത്യയിൽ ഏകദേശം 16 കോടി ജനങ്ങൾ മദ്യത്തിന് അടിമകളാണ്.
- ഏകദേശം 1.57 കോടി ജനങ്ങൾ മയക്കുമരുന്ന് ഉപയോഗിക്കുന്നു.
- ഇന്ത്യൻ ജനസംഖ്യയുടെ 17.8 ശതമാനം പേർ പുകവലിക്കാരാണ്.
- ഓരോ വർഷവും ഏകദേശം 412 ലക്ഷം റോഡപകടങ്ങൾ നടക്കുന്നു. ഇതിൽ ഏകദേശം 1.37 ലക്ഷം പേർ മരണപ്പെടുന്നു.
- ലോകമെമ്പാടുമുള്ള 3 ബില്യണിലധികം ജനങ്ങൾ വീഡിയോ ഗെയിമുകൾ കളിക്കുന്നു. അമിതമായി വീഡിയോ ഗെയിമുകൾ കളിക്കുന്നത് വിഷാദം, അപസ്മാരം തുടങ്ങിയ രോഗങ്ങൾക്ക് കാരണമാകുന്നു. ഇത് നിമിത്തം ജനങ്ങൾ ഏകാന്തത ആഗ്രഹിക്കുന്നു, സ്നേഹിതർ നഷ്ടപ്പെടുന്നു, വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തികം തുടങ്ങിയവയിൽ പ്രത്യാഘാതങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.









ദേശത്തിൽ പാപപ്രവൃത്തികൾ അധികമാണ്! സുവിശേഷ പ്രഘോഷണത്തിന് കുറച്ച് വ്യക്തികളേയുള്ളൂ. യൗവനക്കാരേ, നമ്മുടെ ഇന്ത്യയ്ക്ക് നിങ്ങളുടെ പങ്കും പരിശ്രമവും ആവശ്യമാണ്. ഈ ക്രിസ്തുമസ് ദിവസങ്ങളിൽ നിങ്ങൾ ഗൗരവമായി, ത്യാഗത്തോടെ പ്രയോജനപ്പെട്ടാൽ, കോടിക്കണക്കിന് ജനങ്ങളെ വീണ്ടെടുത്ത് രാജാവിന്റെ പക്ഷത്തിൽ ചേർക്കാം.

യൗവനക്കാരേ, നിങ്ങളുടെ ശക്തി തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവിൻ, കർത്താവ് നിങ്ങളോടുകൂടെയുണ്ട്.

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്

# പ്രത്യാശയുടെ നങ്കൂരം...

## ജന്മം നൽകിയ പിതാവോ? സൃഷ്ടിച്ച പിതാവോ?

സോഫ്റ്റ് വെയർ എഞ്ചിനീയറാകുക എന്ന സ്വപ്നവുമായി പിതാവിന്റെ വരുമാനത്തിൽ പഠിച്ചുകൊണ്ടിരുന്ന സഹോദരി റേച്ചൽ യൂനിസ്, തന്റെ ജീവിതത്തിൽ നടന്ന ഒരു ഞെട്ടിക്കുന്ന സംഭവത്തെ തുടർന്ന്, തന്റെ സ്വപ്നം സാക്ഷാത്കരിക്കുവാൻ നിരവധി കഷ്ടപ്പാടുകളും, അപമാനവും നേരിട്ടു, അവയൊക്കെയും അതിജീവിച്ച് തന്റെ സ്വപ്നം സാക്ഷാത്കരിച്ചു. അവരുടെ ജീവിതത്തിൽ സംഭവിച്ച മാറ്റങ്ങളെക്കുറിച്ച് നമുക്ക് അവരോട് ചോദിച്ചാലോ?



**നിങ്ങളുടെ കുടുംബത്തെക്കുറിച്ച് പറയാമോ?**

ബാംഗ്ലൂരിലെ ഒരു പരമ്പരാഗത ക്രൈസ്തവ കുടുംബത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. ഞങ്ങളുടെ വീട്ടിൽ ഞങ്ങൾ നാലുപേരുണ്ട് - അച്ഛൻ, അമ്മ, ഒരു സഹോദരൻ. ക്രൈസ്തവ കുടുംബത്തിലാണ് ജനിച്ചതെങ്കിലും, ഞായറാഴ്ച പള്ളിയിൽ പോകുന്നതും സൺഡേ സ്കൂളിൽ പോകുന്നതുമല്ലാതെ, യേശുവുമായി എനിക്ക് വ്യക്തിപരമായ ഒരു ബന്ധവുമുണ്ടായിരുന്നില്ല. ഞങ്ങൾ ഒരു ക്രൈസ്തവ കുടുംബമായിരുന്നിട്ടും, ഞങ്ങൾ വീട്ടിൽ സിനിമയും സീരിയലും കണ്ട് ലൗകീകരെപ്പോലെയാണ് ജീവിച്ചുകൊണ്ടിരുന്നത്.

**നിങ്ങളുടെ ബാല്യകാലത്തെക്കുറിച്ച് പറയാമോ?**

ഞാൻ എന്റെ കുടുംബത്തിലെ മൂത്ത മകളാണ്. പെണ്ണായി ജനിച്ചതുകൊണ്ട് അമ്മയ്ക്ക് എന്നോട് വെറുപ്പായിരുന്നു. ഞാൻ ജനിച്ച് 3-4 മണിക്കൂർ എന്റെ മുഖംപോലും എന്റെ അമ്മ നോക്കിയിട്ടില്ല. എന്റെ അമ്മൂമ്മ അമ്മയെ സമാധാനപ്പെടുത്തിയതിനുശേഷമാണ് അവർ എന്നെ പരിപാലിക്കാൻ തുടങ്ങിയത്. അച്ഛൻ എന്നെ കൂടുതൽ സ്നേഹിച്ചു. കുട്ടിക്കാലം മുതൽ ഞാൻ വളരെ ഊർജ്ജസ്വലതയുള്ളവളും, ചുറുചുറുക്കുള്ളവളും ആയിരുന്നു. സ്പോർട്സിലും നൃത്തത്തിലും കഴിവുള്ളവളായിരുന്നു. പിടിവാശിയും കൂടുതലായിരുന്നു. സ്പോർട്സിൽ ഒരു വലിയ കളിക്കാരിയാകണം, കൂടാതെ സോഫ്റ്റ് വെയർ എഞ്ചിനീയർ ആകണം എന്നത് എന്റെ ആഗ്രഹമായിരുന്നു. ഞങ്ങൾ ക്രൈസ്തവരായിരുന്നിട്ടും പള്ളിയിൽ







പോകുമ്പോഴല്ലാതെ വേദപുസ്തകം വായിക്കുന്ന ശീലം ഉണ്ടായിരുന്നില്ല. പള്ളിയിലെ ക്വിസ് മത്സരങ്ങൾക്ക് വേണ്ടി വേദപുസ്തകം വായിക്കുന്നതല്ലാതെ, യേശുവുമായി വ്യക്തിപരമായി എനിക്ക് ഒരു ബന്ധവുമില്ല. പ്രാർത്ഥനയ്ക്കുവേണ്ടി സമയം ഉപയോഗിക്കാതെ നാമമാത്ര ക്രിസ്ത്യാനിയായി ജീവിച്ചുവന്നു. ഞങ്ങളുടെ ജീവിതം ഇങ്ങനെയായിരുന്നു.

**ശരി ... നാമമാത്ര ക്രിസ്ത്യാനി ആയിരുന്ന നിങ്ങൾ യേശുവിനെ അറിഞ്ഞത് എങ്ങനെയാണ്?**

ഞാൻ സ്കൂളിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ, ഒരു ദിവസം ഒരു teens fellowship ന് പോകാൻ സ്നേഹിതർ എന്നെ ക്ഷണിച്ചു. എന്നാൽ എനിക്ക് താൽപര്യമുണ്ടായിരുന്നില്ല, ഞാൻ വരുന്നില്ല എന്നു പറഞ്ഞ് പോകാതെ എല്ലാവരോടും വഴക്കിട്ടു. കുറച്ച് മാസങ്ങളായി ക്ഷണിക്കുന്നതുകൊണ്ട് ഒരു ദിവസം മനസ്സില്ലാ മനസ്സോടെ വളരെ മോശമായ വേഷത്തിൽ കടന്നുപോയി. അവിടെ ഇരുന്ന് വചനം ശ്രവിച്ചുകൊണ്ടിരുന്നപ്പോൾ, എന്റെ ഹൃദയത്തിൽ ഒരു ശബ്ദം കേട്ടു. "എനിക്ക് നിന്നെ ആവശ്യമാണ്; ഞാൻ നിന്നെ വളരെയധികം സ്നേഹിക്കുന്നു; എന്തുകൊണ്ടാണ് ഇതുവരെ നീ എന്നെ അന്വേഷിക്കാതിരുന്നത്? , എന്തുകൊണ്ടാണ് നീ എന്നോട് സംസാരിക്കാതിരിക്കുന്നത്?" എന്ന് ചോദിച്ചപ്പോൾ എന്റെ ഹൃദയം തകർന്നുപോയി. അന്ന് രാത്രി വീട്ടിൽ പോയി 'അയ്യോ യേശുവേ, ഇത്രയും നാളുകൾ ഞാൻ അങ്ങയെ അറിഞ്ഞിട്ടില്ല,' എന്ന് പറഞ്ഞ് യേശുവിന് എന്നെ സമർപ്പിച്ച് പ്രാർത്ഥിച്ചു. "ഇനി മുതൽ ഞാൻ അങ്ങേയ്ക്കുവേണ്ടി ജീവിക്കും; ഇനി ഒരു ദിവസം പോലും അങ്ങയോട് സംസാരിക്കാതെ ഇരിക്കുകയില്ല" എന്നു പറഞ്ഞ് സമർപ്പിച്ചപ്പോൾ എനിക്ക് ഒരു മാറ്റം കാണാൻ കഴിഞ്ഞു. അന്നുമുതൽ ഞാൻ യേശുവിനെ വളരെയധികം സ്നേഹിക്കാൻ തുടങ്ങി. ഇതുവരെയും എനിക്ക് എല്ലാം യേശുവാണ്. എന്തുകൊണ്ടെന്നാൽ, എന്റെ അമ്മ എന്നോട് സംസാരിക്കുകയില്ല. എനിക്ക് സ്നേഹം നൽകാൻ ആരുമില്ല. അതുകൊണ്ട് തന്നെ എന്ത് വന്നാലും ഞാൻ യേശുവിലേക്ക് നോക്കുന്നു.

**സൂപ്പർ ........! യേശുവിനെ ഇത്രയധികം സ്നേഹിക്കുവാൻ തുടങ്ങിയതിനുശേഷം നിങ്ങളുടെ ജീവിതം എങ്ങനെയായിരുന്നു?**



എനിക്ക് കുട്ടിക്കാലം മുതൽ നന്നായി പഠിക്കണമെന്ന ആഗ്രഹം ഉണ്ടായിരുന്നു. എന്റെ ഹൈസ്കൂൾ പഠനം നന്നായി നടന്നു. പഠനത്തിലും, സ്പോർട്സിലും ഒന്നാമതായിരുന്നു. ഇങ്ങനെ നടക്കുന്നതിനിടയിൽ പെട്ടെന്ന് ഒരു ദിവസം എന്റെ പിതാവ്, ഒരു പ്രശ്നം നിമിത്തം ജോലി ഉപേക്ഷിച്ചു. അത് ഞങ്ങൾക്കെല്ലാം ഒരു ഞെട്ടലായിരുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ വീട്ടിലെ ഏക ആശ്രയം അച്ഛൻ മാത്രമായിരുന്നു. അതിനെ കുറിച്ച് ആലോചിച്ച് അച്ഛൻ ചിന്താഭാരത്തോടെയിരുന്നു. ഒരു ഭ്രാന്തനെപ്പോലെ കാണപ്പെട്ടു. ഞങ്ങൾ നാലുപേർക്കും ഭക്ഷണം കഴിക്കണമെങ്കിൽ അച്ഛൻ സമ്പാദിക്കണം. എങ്ങനെയെങ്കിലും പഠിച്ച് ഒരു സോഫ്റ്റ് വെയർ എഞ്ചിനീയർ ആകണം എന്നത് എന്റെ സ്വപ്നമായിരുന്നു. എന്റെ സ്വപ്നം തകർന്നുപോയല്ലോ, ഇനി എന്നെ ആര് സഹായിക്കും എന്ന് വളരെ തകർന്നുപോയിരുന്നു. എനിക്ക് വിശ്വാസമുണ്ടായിരുന്ന അച്ഛനും എന്നെ കൈവിട്ടു എന്ന് വളരെ തളർന്നുപോയി.

**പിതാവിനാൽ കൈവിടപ്പെട്ട അവസ്ഥയിൽ തളർന്നുപോയ നിങ്ങൾ പഠനം തുടരുവാൻ എന്താണ് ചെയ്തത്?**





എങ്ങനെയോ പത്താം ക്ലാസ് വരെ പഠിച്ചു. എങ്ങനെ തുടർപഠനം നടത്തുമെന്ന് വളരെ ആശങ്കയിലായിരുന്നു. എനിക്ക് പഠിക്കുവാൻ സാധിക്കുമോ എന്ന് ഭാരപ്പെട്ടിരുന്നു. ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് നല്ലത് എന്ന് ചിന്തിച്ച ദിവസങ്ങളുണ്ടായിരുന്നു. കുടുംബമായി നമുക്ക് മരിക്കാം എന്ന് അമ്മയും പറയും. ബന്ധുക്കളും ആരും അന്വേഷിച്ചിരുന്നില്ല. അത്തരമൊരു സാഹചര്യത്തിൽ ആരുമില്ലല്ലോ എന്നോർത്ത് തളർന്നുപോയിരുന്നപ്പോൾ, യേശു എന്നോട് സംസാരിച്ചു. ഹയർ സെക്കൻഡറി സ്കൂളിൽ പഠിക്കാൻ ഒരു സഭ എന്നെ സഹായിക്കുകയും പഠിപ്പിക്കുകയും ചെയ്തു.

ഞാൻ ആ സഭയിൽ പോയിട്ടേയില്ല. ഇങ്ങനെ, ഓരോ വർഷവും ഫീസ് അടയ്ക്കാൻ എന്ത് ചെയ്യുമെന്ന് ഭാരത്തോടെ ഇരുന്നപ്പോഴെല്ലാം, ഓരോ വർഷവും എനിക്ക് പഠിക്കുവാൻ ആവശ്യമായ സഹായങ്ങൾ ചെയ്യുവാനുള്ള ആളുകളെ അയച്ച് യേശു വഴി തുറന്നുതന്നു. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി ഡിഗ്രി പഠിക്കാൻ വഴിയുണ്ടോ എന്ന് പ്രാർത്ഥിച്ചപ്പോൾ, ഒരു കോളേജിൽ എന്റെ സർട്ടിഫിക്കറ്റുകൾ പ്രിൻസിപ്പലിനെ കാണിച്ചപ്പോൾ അദ്ദേഹം എന്റെ certificates നോക്കിയശേഷം 50% fees concession നൽകി. മൂന്ന് വർഷവും ആ കോളേജിലെ പ്രിൻസിപ്പലാണ് എന്റെ ഫീസ് അടയ്ക്കുവാൻ സഹായിച്ചത്. കോളേജിൽ എല്ലാവരുടെയും മുന്നിൽ ഒരു outstanding Student ആയി പുറത്തുവരാൻ കർത്താവ് എന്നെ അനുഗ്രഹിച്ചു.

**ഹാലേലൂയാ......! ഇത്രയും കഷ്ടപ്പെട്ട് പഠിച്ച് outstanding Student ആയ നിങ്ങൾക്ക് ഉടൻ തന്നെ ജോലി ലഭിച്ചിരിക്കുമല്ലോ?**



ഒരു ജോലി കണ്ടെത്താൻ ശ്രമിക്കുമ്പോൾ, യേശുവേ ഞാൻ ആരോട് ചോദിക്കും, എവിടെ പോകും, ആരാണ് എന്നെ സഹായിക്കുക എന്ന് ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ, എനിക്ക് ഒരു കമ്പനിയിൽ നിന്നും തൊഴിലവസരം ലഭിച്ചു. ഞാൻ പോയപ്പോൾ അവിടെ നൂറുപേരുണ്ടായിരുന്നു. അതിൽ 5 പേരെ തിരഞ്ഞെടുത്ത്, ആ 5 പേരിൽ ഒരാളായി എന്നെയും തിരഞ്ഞെടുത്ത് ഇന്ന് ഒരു സോഫ്റ്റ് വെയർ കമ്പനിയിൽ നല്ല ശമ്പളത്തിൽ Senior Software Analyst ആക്കിയതിനോടൊപ്പം, ജൂനിയർ ട്രെയിനർമാരെ പരിശീലിപ്പിക്കുന്ന തരത്തിലേക്ക് കർത്താവ് എന്നെ ഉയർത്തിയിരിക്കുന്നു. എന്റെ സഹോദരനെ B.com പഠിക്കാൻ കർത്താവ് സഹായിച്ചു.

**സൂപ്പർ......! നിങ്ങളെ രണ്ടുപേരെയും ഉയർത്തിയ കർത്താവിനുവേണ്ടി നിങ്ങൾ എന്താണ് ചെയ്യുന്നത്?**

എന്റെ ആത്മീയ ജീവിതത്തിലും കർത്താവ് വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കുട്ടിക്കാലം മുതൽ യേശുവിനുവേണ്ടി പാടണമെന്ന ആഗ്രഹമുണ്ടായിരുന്നു. എന്നാൽ അത് നടക്കുമോ എന്ന് ചിന്തിച്ച ദിവസങ്ങളുണ്ടായിരുന്നു. ഇപ്പോൾ യൗവനക്കാർക്കിടയിൽ ആരാധന നടത്താൻ കർത്താവ് കൃപ നൽകുന്നു. അതുകൂടാതെ, കോളേജുകളോട് ചേർന്നുള്ള പള്ളികളിൽ പോയി യൗവനക്കാർക്ക് motivational Speech നടത്താനും എന്റെ സാക്ഷ്യം പങ്കുവയ്ക്കാനും കർത്താവ് എനിക്ക് കൃപ നൽകുന്നു.

**യൗവനക്കാരോട് എന്താണ് പറയാൻ ആഗ്രഹിക്കുന്നത് ?**

എനിക്ക് ഇനിയൊരിക്കലും പഠിക്കാൻ കഴിയില്ല, നല്ല കോളേജിൽ പോയി പഠിക്കാൻ കഴിയില്ല എന്ന് പറഞ്ഞ എന്റെ ബന്ധുക്കളുടെ മദ്ധ്യത്തിൽ, കർത്താവ് എനിക്കുവേണ്ടി ഒരു അവസരം ഒരുക്കി, എവിടെ തല കുനിച്ചിരുന്നുവോ അതേ സ്ഥലത്ത് തല ഉയർത്തിമാനിച്ചു. ഭ്രാന്തന്റെ മകൾക്ക് ഇനി പഠിക്കാൻ കഴിയില്ല, പഠിച്ചാലും ജോലിക്ക് പോകാൻ കഴിയില്ല എന്ന് പറഞ്ഞ് അപമാനിച്ചവരുടെ മദ്ധ്യത്തിൽ ഇന്ന് Senior Software Analyst ആക്കി വച്ചിരിക്കുന്നു. ഞാൻ യേശുവിനെ വിശ്വസിക്കുകയും കർത്താവിന്റെ കാൽക്കൽ കാത്തിരുന്ന് കണ്ണുനീരോടെ പ്രാർത്ഥിക്കുകയും ദൈവഹിതം നിറവേറ്റാൻ എന്നെ തന്നെ സമർപ്പിക്കുകയും ചെയ്തതുകൊണ്ടാണ് ഈ ഉയർച്ച ലഭിച്ചത്. ഒരുപക്ഷേ നിങ്ങളും ഇതേ അവസ്ഥയിലായിരുന്നാൽ യേശുവിനെ മുറുകെ പിടിക്കുവിൻ. കർത്താവ് നിങ്ങളെ സഹായിക്കും.

**പ്രിയ യൗവനക്കാരെ! ആരുടേയും സഹായമില്ലാതെ യേശുവിനെ വിശ്വസിച്ച സഹോദരി റേച്ചലിന് തന്റെ ബാല്യകാല സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയുമെങ്കിൽ, ഇന്ന് നിങ്ങളും' എനിക്ക് കഴിയുന്നില്ലല്ലോ!' എന്ന് ഭാരപ്പെട്ടിരിക്കുന്നുവെങ്കിൽ, യേശുവിനെ വിശ്വസിച്ച്, നിങ്ങൾ പരിശ്രമിക്കുവിൻ! സഹോദരി റേച്ചലിനെ സഹായിച്ച കർത്താവ് നിങ്ങളെയും സഹായിക്കും.**







# മുത്തുചിപ്പി



# ബെസലേൽ





**പേര്:** ബെസലേൽ ( പുറപ്പാട് 31:2-5), (പുറപ്പാട് 36:2)

**വംശം:** യഹൂദാ ഗോത്രം, ഊരിയുടെ മകൻ

**പേരിന്റെ അർത്ഥം:** ദൈവത്തിന്റെ നിഴൽ

## ആരാണ് ഈ ബെസലേൽ?

മിസ്രയീമിൽ നിന്ന് കർത്താവ് വിടുവിക്കുകയും വാഗ്ദത്ത കനാനിലേക്ക് നയിക്കുകയും ചെയ്ത ഇസ്രായേല്യരിൽ ഒരാളായിരുന്നു ബെസലേൽ. ബെസലേൽ മിസ്രയീമിൽ അടിമയായിരുന്നപ്പോൾ ഇഷ്ടികപണിക്കാരനായി ജോലി ചെയ്തു. എന്നാൽ അടിമത്തത്തിന്റെ നുകം തകർത്ത്, അത്യുന്നതനായ ദൈവത്തിന് ഒരു സമാഗമനകൂടാരം പണിയാനും വാഗ്ദത്ത കനാനിലേക്കുള്ള വഴിയിൽ വിചിത്രമായ കരകൗശലപ്പണികൾ ചെയ്യാനും അവൻ വിളിക്കപ്പെട്ടു.

## ബെസലേലിന്റെ സവിശേഷതകൾ (പുറ. 31:2-5)

1. ദൈവം പേര് ചൊല്ലി വിളിച്ചവൻ.
2. വിചിത്രമായ ജോലികൾ സങ്കല്പിച്ചു ചെയ്യുവാൻ സമർത്ഥൻ.
3. ജ്ഞാനവും ബുദ്ധിയും അറിവുമുള്ളവൻ.
4. ദൈവം പറഞ്ഞത് മാത്രം ചെയ്യുന്നവൻ.
5. ദൈവാത്മാവിനാൽ നിറഞ്ഞിരുന്നവൻ.
6. സമാഗമനകൂടാരത്തിന്റെ ജോലി എങ്ങനെ ചെയ്യണമെന്ന് ദൈവം മോശെയോട് കല്പ്പിച്ചുവോ, അതുപോലെ ചെയ്തു പൂർത്തിയാക്കിയവൻ.

## ബെസലേലിന്റെ സമർപ്പണം

ദൈവത്തിന്റെ ശക്തിയും, ചെങ്കടലിനെ വിഭജിച്ചതും, അഗ്നിയിലൂടെ ദൈവം മോശെയോട് സംസാരിച്ചതും ബെസലേൽ കണ്ടിട്ടുണ്ടാകും. അതുകൊണ്ടാണ് ബെസലേൽ ദൈവത്തിന്റെ മഹത്തായ വേലയിൽ തന്നെതാൻ സ്വയം സമർപ്പിച്ചത്. മോശെ കാര്യങ്ങൾ വിശദീകരിച്ചപ്പോൾ, എനിക്ക് ജ്ഞാനമുണ്ടെന്ന് അവൻ പറയുന്നതിന് പകരം ദൈവീക ജ്ഞാനത്താൽ (പുറ. 36:2) ദൈവത്തിന്റെ പണി ചെയ്ത് പൂർത്തിയാക്കി. അഹങ്കരിക്കാനോ, തന്റെ കഴിവ് പ്രകടിപ്പിക്കുവാനോ വേണ്ടിയല്ല, താൻ ചെയ്ത ജോലിയിലൂടെ ദൈവനാമം മഹത്വപ്പെടുത്താൻ ശ്രമിച്ചയാളാണ് ബെസലേൽ. അവൻ ദൈവത്തിന്റെ നിഴലായി ഉപയോഗിക്കപ്പെട്ടു.

## നാം പഠിക്കേണ്ടത്

ശുശ്രൂഷയിൽ നാം നമ്മുടെ സ്വന്തം ജ്ഞാനം ഉപയോഗിക്കാതെ, ദൈവത്തിൽ നിന്ന് ജ്ഞാനം പ്രാപിക്കുകയും, കർത്താവ് അരുളിച്ചെയ്യുന്നതനുസരിച്ച് പ്രവർത്തിക്കുകയും വേണം. ബെസലേലിനെപ്പോലെ, നമുക്ക് നൽകിയിരിക്കുന്ന കാര്യങ്ങളിൽ നാം പൂർണ്ണഹൃദയത്തോടെയും ഉത്സാഹത്തോടെയും പ്രവർത്തിക്കണം.

Heart Beat

# എന്റെ സ്വപ്നം



ഞാൻ പത്താംക്ലാസിൽ പഠിക്കുന്നു. എനിക്ക് പഠനത്തിൽ തീരെ താൽപര്യമില്ല. എന്റെ മാതാപിതാക്കളുടെ നിർബന്ധം നിമിത്തമാണ് ഞാൻ സ്കൂളിൽ പോകുന്നത്. ബ്യൂട്ടീഷ്യനാകണം എന്നാണ് എന്റെ ആഗ്രഹം. പക്ഷേ എന്റെ മാതാപിതാക്കൾക്ക് അത് ഇഷ്ടമല്ല. പാഠപുസ്തകം എടുത്ത് വായിക്കണമെന്ന താൽപര്യമേ എനിക്കില്ല. പക്ഷേ ഞാൻ ആഗ്രഹിക്കുന്ന ബ്യൂട്ടീഷ്യൻ കലയിൽ എനിക്ക് എന്ത് ചെയ്യാൻ കഴിയും എന്ന് എന്റെ മനസ്സിൽ ചിന്തിച്ചുക്കൊണ്ടിരുന്നു. എന്റെ മാതാപിതാക്കൾ, ഞാൻ പത്താം ക്ലാസ് വിജയിക്കണം എന്ന് നിർബന്ധിച്ച് ട്യൂഷന് അയച്ചു.
ബ്യൂട്ടീഷ്യനാകണമെന്ന ചിന്തയോടെ ഇരിക്കുന്നതുകൊണ്ടുതന്നെ ഞാൻ ഒന്നും പഠിച്ചില്ല. ഞാൻ എന്ത് ചെയ്യും? എന്റെ മാതാപിതാക്കളുടെ ആഗ്രഹം നിറവേറ്റണമോ? അതോ എന്റെ ആഗ്രഹം നിറവേറ്റണമോ?
- ലാവണ്യ, കൃഷ്ണഗിരി.

പ്രിയ സഹോദരി, നിങ്ങളുടെ സ്വപ്നം മാതാപിതാക്കൾക്കുവേണ്ടി ഉപേക്ഷിക്കണമോ എന്ന് നിങ്ങൾ നേരിടുന്ന പോരാട്ടം എനിക്ക് മനസ്സിലാക്കാൻ കഴിയുന്നു. ലാവണ്യ, നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളുടെ സ്വപ്നം നശിപ്പിച്ചില്ല, പകരം കലയെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ട്, തെറ്റായ കോഴ്സ് പഠിച്ച് നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾക്ക് നേട്ടങ്ങൾ നഷ്ടപ്പെട്ട് പോകരുത് എന്ന ആശങ്കയിലാണ് അവർ പഠിക്കാൻ നിർബന്ധിക്കുന്നത്. നിങ്ങളുടെ മാതാപിതാക്കൾ ഒരിക്കലും നിങ്ങൾക്ക് തിന്മ വിചാരിക്കുകയില്ല. പകരം, നിങ്ങൾ വിജയത്തിന്റെ പടവുകൾ കയറണമെന്നും നേട്ടങ്ങൾ കൈവരിക്കമെന്നും അവർ ആഗ്രഹിക്കുന്നു.



ലാവണ്യ, നിങ്ങൾ ബ്യൂട്ടീഷ്യൻ കോഴ്സ് പഠിക്കണമെങ്കിലും basic education ആവശ്യമാണ്. പത്താം ക്ലാസാണ് അക്കാദമിക് പഠനത്തിന്റെ അടിസ്ഥാനം. ഏത് കോഴ്സ് പഠിക്കാനും basic qualification 10th Or 12th ആണ്. അതുകൊണ്ട് പത്താം ക്ലാസ് വളരെ പ്രധാനമാണ്. അതുകൊണ്ട് നിങ്ങളുടെ മാതാപിതാക്കളുടെ ആഗ്രഹപ്രകാരം പത്താംക്ലാസ് ശ്രദ്ധയോടെ പഠിച്ചാൽ, നിങ്ങളുടെ സ്വപ്നമായ ബ്യൂട്ടീഷ്യൻ കോഴ്സ് പഠിക്കാനുള്ള eligibility ലഭിക്കും.



നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളെ നിർബന്ധിക്കുന്നു എന്ന് ചിന്തിച്ച്, പഠനം ഉപേക്ഷിച്ച്, നിങ്ങളുടെ സ്വപ്നം നിങ്ങൾ തന്നെ തടസ്സപ്പെടുത്തുന്നവരായി മാറാതിരിക്കുവിൻ. ഏത് ജോലിയും



ആദ്യം ബുദ്ധിമുട്ടായിരിക്കും. എന്നാൽ 'ചെയ്തുനോക്കാം' എന്ന് ആരംഭിക്കുമ്പോൾ തന്നെ അത് വളരെ ലഘുവായി മാറും. ഇപ്പോൾ നിങ്ങളുടെ സ്വപ്നം നിങ്ങളുടെ കൈകളിലാണ്. നിങ്ങൾ ലക്ഷ്യത്തിലെത്തുമോ? അതോ പ്രാപിക്കാതെ പരാജയപ്പെടുമോ?

## സ്വപ്നം സാക്ഷാത്കരിക്കാൻ എന്ത് ചെയ്യാം?

ഒരുപക്ഷേ ഈ പത്താം ക്ലാസ് പഠനത്തിലൂടെ നിങ്ങളുടെ മാതാപിതാക്കളുടെ സ്നേഹവും, അംഗീകാരവും വീണ്ടും നിങ്ങൾക്ക് ലഭിക്കും.

ബ്യൂട്ടീഷ്യൻ കോഴ്സിന്റെ നേട്ടങ്ങളെക്കുറിച്ചും, അതിന്റെ വ്യാപ്തിയെക്കുറിച്ചും, അത് എങ്ങനെ ഒരു ബിസിനസ്സാക്കി മാറ്റാമെന്നതിനെക്കുറിച്ചും ക്ഷമയോടെ മാതാപിതാക്കളോട് പറയുക.

ഈ കോഴ്സ് പൂർത്തിയാക്കിയ ശേഷം കുറഞ്ഞ ചെലവിൽ ബ്യൂട്ടീഷ്യൻ ജോലി ഒരു ബിസിനസ്സ് എന്ന നിലയിൽ ആരംഭിച്ച്, എങ്ങനെയാണ് ചിലർ അത് വലിയ തലത്തിൽ ചെയ്യുന്നുവെന്നതിനെക്കുറിച്ചും മനസ്സിലാക്കാം.

അത് കല മാത്രമല്ല, സമ്പത്തും, ജനങ്ങൾക്കിടയിൽ അംഗീകാരവും നൽകുന്നതെങ്ങനെയെന്ന് മാതാപിതാക്കളോട് പറഞ്ഞുകൊടുക്കാം.

എന്നാൽ പത്താം ക്ലാസ് പഠിക്കുന്നതുകൊണ്ട് നിങ്ങൾക്ക് പ്രയോജനമുണ്ട്. നിങ്ങളുടെ മാതാപിതാക്കൾക്ക് സന്തോഷവും ഉണ്ടാകും. So win win strategy for both.

### ഒഴിവാക്കിയാൽ എന്താണ് നഷ്ടം?

- പത്താം ക്ലാസ് പഠിക്കണ്ട എന്ന് തീരുമാനിക്കുകയാണെങ്കിൽ, ഒരു Basic Education ഇല്ലാത്തതിനാൽ ബ്യൂട്ടീഷ്യൻ കോഴ്സ് പഠിക്കുവാൻ കഴിയാതിരിക്കാം.
- വിദ്യാഭ്യാസമില്ലെങ്കിൽ Self - Confidence കുറയാൻ സാധ്യതയുണ്ട്. Unwanted fear കൂടാതെ shyness നിമിത്തം നിങ്ങളുടെ സ്വപ്നം തടസ്സപ്പെടാം.
- ഈ ബിസിനസ്സിൽ നിരവധി ആളുകളുമായി സംസാരിക്കുകയും, ആശയവിനിമയം നടത്തുകയും വേണം. അതുനിമിത്തം Confidence Level കുറയാൻ സാധ്യതയുണ്ട്.
- അതുകൊണ്ട് ചിന്തിച്ച് പ്രവർത്തിക്കുവിൻ. നിങ്ങളുടെ ഉചിതമായ തീരുമാനം നിങ്ങളുടെ ഭാവിയെ ശരിയായ പാതയിലേക്ക് നയിക്കും.
- എല്ലാറ്റിനുമുപരിയായി തിരുവചനം വായിക്കുകയും പ്രാർത്ഥിക്കുകയും ദൈവഹിതത്തിന് സമർപ്പിക്കുകയും ചെയ്യുവിൻ. നിങ്ങളുടെ ആഗ്രഹം ദൈവഹിതമാണോ എന്ന് ചിന്തിക്കുവിൻ. കർത്താവിന്റെ സന്നിധിയിൽ ഇരുന്ന് നിങ്ങളെ സമർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ കർത്താവ് നിങ്ങൾക്ക് ആവശ്യമുള്ളതും അനുയോജ്യവുമായ ഉപദേശം നൽകും.




**"നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്ക് പിറകിൽ നിന്നു കേൾക്കും" (യെശയ്യാവ് 30:21) എന്ന് വചനം പറയുന്നു. ആ ശബ്ദത്തിന് ചെവികൊടുക്കുവാൻ ശീലിക്കുവിൻ. കർത്താവ് എല്ലാം നന്മയാക്കി മാറ്റും.**

**All the Best.**



# ദാനിയേലിന്റെ പ്രാർത്ഥന

ഭാഗം - 3



**പ്രിയപ്പെട്ട യൗവനക്കാർക്ക് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹാശംസകൾ. കഴിഞ്ഞ മാസം ദാനിയേലിന്റെ പ്രാർത്ഥനയെക്കുറിച്ച് നാം ധ്യാനിച്ചു. ദാനിയേൽ മൂന്ന് പ്രാവശ്യം പ്രാർത്ഥിച്ചുകൊണ്ട് തന്നെ താൻ മലിനമാക്കാതെ സൂക്ഷിച്ചതും, ദാനിയേലിന്റെ പ്രാർത്ഥന അവിടെയുള്ള വിഗ്രഹാരാധനാ ശക്തികളെ ഉലച്ചതും, പ്രാർത്ഥിക്കുന്ന സ്നേഹിതന്മാർ ഉണ്ടായിരുന്നതിനാൽ ദാനിയേലിന് തന്റെ പരീക്ഷണത്തെ എളുപ്പത്തിൽ തരണം ചെയ്യാൻ കഴിഞ്ഞതും, ദാനിയേലിന്റെ പ്രാർത്ഥന നിമിത്തം ബാബിലോണിൽ പിശാചിന് പ്രവർത്തിക്കുവാൻ കഴിയാതെ പോയതും നാം കണ്ടു. തുടർന്ന് ഈ ലേഖനത്തിലൂടെ ദാനിയേൽ എങ്ങനെയാണ് ഉപവസിക്കുകയും രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തത് എന്നതിനെക്കുറിച്ച് നോക്കാം.**

**ദാനിയേലിന്റെ പ്രാർത്ഥനയ്ക്ക് എങ്ങനെയാണ് കർത്താവിൽ നിന്ന് വേഗത്തിൽ മറുപടി ലഭിച്ചതെന്നും, എന്തുകൊണ്ടാണ് ദാനിയേൽ കർത്താവിന് പ്രിയപ്പെട്ടവനായി കാണപ്പെട്ടത് എന്നും, ദാനിയേലിന്റെ പ്രാർത്ഥനയുടെ രഹസ്യങ്ങൾ എന്തൊക്കെയാണ് എന്നതിനെക്കുറിച്ചും നമുക്ക് ഈ മാസം അറിയാം.**

## പ്രവചനം മനസ്സിലാക്കി പ്രാർത്ഥിച്ചു

" ദാനിയേൽ എന്ന ഞാൻ യെരൂശലേമിന്റെ ശൂന്യാവസ്ഥ എഴുപതു സംവത്സരംകൊണ്ടു തീരും എന്നിങ്ങനെ യഹോവയുടെ അരുളപ്പാട് യിരെമ്യാപ്രവാചകനുണ്ടായ പ്രകാരം ഒരു കാലസംഖ്യ പുസ്തകങ്ങളിൽനിന്നു ഗ്രഹിച്ചു" (ദാനി. 9:2).

ആദ്യമായി ദാനിയേലിന് തന്റെ രാജ്യത്തെക്കുറിച്ചും അവിടുത്തെ ജനങ്ങളെക്കുറിച്ചും വ്യക്തമായ ധാരണയുണ്ടായിരുന്നു. അതായത്, യിസ്രായേല്യരായ തന്റെ ജനം, എഴുപതു സംവത്സരം ബാബേൽ രാജാവിനെ സേവിക്കുമെന്ന് (യിരെ. 25:11) യിരെമ്യാവിന്റെ പ്രവചനത്തെക്കുറിച്ച് ദാനിയേൽ മനസ്സിലാക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. എഴുപത് വർഷത്തെ അടിമത്തത്തിൽ നിന്നും വിടുതൽ ലഭിക്കാൻ പോകുന്നു! ഇത് വിടുതലിന്റെ വർഷമാണ്! ഇനി മുതൽ ഒരു മാറ്റമുണ്ടാകുമെന്ന് ദാനിയേൽ അറിയുകയും പ്രാർത്ഥിക്കുകയും ചെയ്തു.

പ്രവചനം അറിയുകയും പ്രാർത്ഥിക്കുകയും ചെയ്ത ദാനിയേലിനെ പോലെ നാമും, നമ്മുടെ രാജ്യത്തെക്കുറിച്ച് വെളിപ്പെടുത്തിയ പ്രവചനങ്ങൾ വച്ച്, ദൈവസന്നിധിയിൽ കാത്തിരുന്ന്, 'രാജ്യത്തെക്കുറിച്ചുള്ള അങ്ങയുടെ പദ്ധതി എന്താണ്?', 'എന്റെ ജീവിതത്തെക്കുറിച്ചുള്ള അങ്ങയുടെ പദ്ധതി എന്താണ്?' തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് കർത്താവിനോട് ചോദിച്ച്, അതിനുവേണ്ടി യാചിച്ച് പ്രാർത്ഥിക്കണം. നിങ്ങൾ ദൈവസന്നിധിയിൽ കാത്തിരിക്കുമ്പോൾ, കർത്താവ് നിങ്ങളോട് സംസാരിക്കും. ദേശത്തെ കുറിച്ചുള്ള കാര്യങ്ങൾ വെളിപ്പെടുത്തി അതിനുവേണ്ടി ഉപവസിച്ച് പ്രാർത്ഥിക്കുവാൻ അരുളിച്ചെയ്യും.

നമ്മുടെ ഇന്ത്യയെക്കുറിച്ച് നിരവധി ദൈവദാസന്മാർ പ്രവചിച്ചിട്ടുണ്ട്. ഈ പ്രവചനങ്ങൾ മനസ്സിൽ സൂക്ഷിക്കുകയും ഒരു വലിയ ഉണർവിനുവേണ്ടി പ്രാർത്ഥിക്കുകയും വേണം. നാം ആയിരിക്കുന്ന കാലം ഏതാണ്? ദേശത്തെക്കുറിച്ച് കർത്താവിന്റെ പദ്ധതി എന്താണ്? കർത്താവ് രാജ്യത്തിൽ എങ്ങനെയാണ് പ്രവർത്തിക്കുന്നത്? എന്നിങ്ങനെയുള്ള കാര്യങ്ങൾ മനസ്സിലാക്കി, ദേശത്തെക്കുറിച്ചുള്ള വെളിപാടുകൾ പ്രാപിക്കുകയും, പ്രാർത്ഥിക്കുകയും വേണം.

## പാപത്തിനെതിരായുള്ള യാചനയുടെ പ്രാർത്ഥന

ഞാൻ ഉപവസിച്ചു, രട്ടുടുത്തു, വെണ്ണീരിൽ ഇരുന്നു, കർത്താവിനോട് പ്രാർത്ഥനയോടും യാചനയോടും അപേക്ഷിക്കേണ്ടതിനു ദൈവമായ കർത്താവിങ്കലേക്കു മുഖം തിരിച്ചു..... പ്രാർത്ഥിച്ച് ....ദൈവമായ യഹോവയുടെ സന്നിധിയിൽ എന്റെ അപേക്ഷ കഴിച്ചു (ദാനിയേൽ 9:3,4,20).

ദാനിയേൽ പ്രവചനം മനസ്സിലാക്കുകയും പ്രാർത്ഥിക്കുകയും മാത്രമല്ലാതെ, തന്റെ ജനങ്ങളുടെ പാപമാണ് ദൈവകോപത്തിന് കാരണമായതെന്ന് മനസ്സിലാക്കി, ആ പാപം നീക്കം ചെയ്യപ്പെടുമ്പോൾ മാത്രമേ തന്റെ ജനം ബാബിലോണിലെ അടിമത്തത്തിൽ നിന്ന് വിടുവിക്കപ്പെടുകയും വീണ്ടും യിസ്രായേൽ ദേശത്ത് തിരികെ പ്രവേശിക്കുകയും ചെയ്യുകയുള്ളൂ എന്ന് മനസ്സിലാക്കി. അതുകൊണ്ട് ദാനിയേൽ രട്ടുടുത്തും വെണ്ണീരിൽ ഇരുന്നും ഉപവസിച്ച് പ്രാർത്ഥിച്ചു. രട്ടുടുത്തും വെണ്ണീരിൽ ഇരുന്നും എന്ന വചനം തന്നെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ചു എന്നതിനെ സൂചിപ്പിക്കുന്നു. രട്ട് എന്നത് ചാക്കുകൊണ്ടുള്ള ഒരു വസ്ത്രം. പഴയനിയമകാലത്തിൽ രാജാക്കന്മാരും പ്രവാചകന്മാരും തങ്ങളെ കർത്താവിന്റെ മുന്നിൽ താഴ്ത്തുന്നതിന്റെ അടയാളമായി രട്ട് എന്ന ചാക്കുകൊണ്ടുള്ള വസ്ത്രത്തെ അണിഞ്ഞുകൊണ്ട്, ചാരത്തിലിരുന്ന് പ്രാർത്ഥിച്ചിരുന്നു. അതുപോലെ, നമ്മിൽ നിന്ന് അഹങ്കാരം മാറ്റുകയും, കർത്താവിന്റെ മുമ്പാകെ സ്വയം താഴ്ത്തി പ്രാർത്ഥിക്കുകയും വേണം. അങ്ങനെ നാം പ്രാർത്ഥിച്ചാൽ കർത്താവ് നമ്മുടെ അടുക്കൽ വരും.

ദാനിയേൽ വിശുദ്ധജീവിതം നയിച്ചു, എല്ലാ ദിവസവും മൂന്ന് പ്രാവശ്യം പ്രാർത്ഥിച്ചു! കർത്താവിന് പ്രിയപ്പെട്ടവൻ എന്ന സാക്ഷ്യം പ്രാപിച്ചവൻ. എന്നിരുന്നാലും, തന്റെ രാജ്യത്തിനുവേണ്ടി പ്രാർത്ഥിച്ചപ്പോൾ, താനും ആ പാപം ചെയ്തുവെന്നു പറഞ്ഞ്, തന്റെ ജനങ്ങളോടൊപ്പം തന്നെയും ചേർത്തുകൊണ്ട് പ്രാർത്ഥിച്ചു. അതുപോലെ നാമും, നമ്മുടെ ഇന്ത്യൻ മഹാ രാജ്യത്തിലെ ജനങ്ങളുമായി സഹവസിക്കുകയും അവർ ചെയ്ത പാപങ്ങൾ നമ്മുടെ പാപങ്ങളായി അംഗീകരിക്കുകയും അവർക്കുവേണ്ടി പാപങ്ങൾ ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കുകയും വേണം. വിഗ്രഹാരാധനയാലും വ്യഭിചാരത്താലും മലിനമാക്കപ്പെട്ട നമ്മുടെ രാജ്യത്തിനുവേണ്ടി നാം നമ്മുടെ ജനങ്ങളുമായി ഐക്യമത്യപ്പെട്ട് പ്രാർത്ഥിക്കുമ്പോൾ, കർത്താവ് ഭൂമിയിൽ സമാധാനം കൽപ്പിക്കും.



അങ്ങനെ ദാനിയേൽ ദൈവത്തിന്റെ വിശുദ്ധപർവതത്തിൽ നേരിട്ട് തന്റെ അപേക്ഷ കഴിച്ചപ്പോൾ, നീ ഏറ്റവും പ്രിയനാകയാൽ, നിന്റെ യാചനകളുടെ ആരംഭത്തിങ്കൽതന്നെ കല്പന പുറപ്പെട്ടു, നിന്നോട് അറിയിപ്പാൻ ഞാൻ വന്നുമിരിക്കുന്നു (ദാനി. 9:23) എന്ന് സ്വർഗത്തിൽ നിന്ന് ഗബ്രീയേൽ ദൂതൻ പറഞ്ഞു.

**നാമും നമ്മുടെ രാജ്യത്തിനുവേണ്ടി, പ്രവചനങ്ങളെ ഗ്രഹിച്ചുകൊണ്ട് കർത്താവ് നമ്മുടെ രാജ്യത്തിന്റെ പാപങ്ങൾ ക്ഷമിക്കുന്നതിനായി യാചിച്ച് പ്രാർത്ഥിക്കുമ്പോൾ, കർത്താവ് ആ പ്രാർത്ഥനയിൽ ശ്രദ്ധചെലുത്തുകയും മറുപടി നൽകുകയും ചെയ്യും. നമ്മുടെ പ്രാർത്ഥന സ്വർഗത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നതാകണം. നാം കർത്താവിനോട് അപേക്ഷിക്കുമ്പോൾ, മറുപടി സ്വർഗത്തിൽ നിന്ന് വരണം. കർത്താവ് നിങ്ങളെ അത്തരം പ്രാർത്ഥനാ പോരാളികളാക്കി മാറ്റുകയും ദാനിയേലിന്റെ പ്രാർത്ഥനാ അനുഭവത്തിലേക്ക് നയിക്കുകയും ചെയ്യും. ദാനിയേലായി മാറാൻ ഞാൻ എന്നെ സമർപ്പിക്കുന്നു എന്ന് കർത്താവിനോട് സ്വയം സമർപ്പിക്കുവിൻ. കർത്താവ് നിങ്ങളിലൂടെ രാജ്യത്തിൽ വലിയ കാര്യങ്ങൾ നിറവേറ്റും.**




# സേവനത്തിന്റെ പ്രതീകം


**പ്രിയപ്പെട്ട യുവ വിജയികൾക്ക് എന്റെ സ്നേഹാശംസകൾ! ജീവിതം എന്നാൽ ജീവിക്കാനുള്ളതാണ്. എന്നാൽ, നമ്മുടെ ജീവിതവിജയം എന്നത് ഈ ലോകത്ത് നമുക്കുള്ള ഒരേയൊരു ജീവിതം നാം എത്രത്തോളം ഫലപ്രദമായി ഉപയോഗിക്കുന്നു, മറ്റുള്ളവർക്ക് എത്രത്തോളം പ്രയോജനപ്പെടുന്ന രീതിയിൽ നാം ജീവിച്ചു എന്നതിനെ ആശ്രയിച്ചിരിക്കുന്നു . ഇവിടെ തന്റെ ജീവിതം പൂർണ്ണമായി സമർപ്പിച്ച് ജയ ജീവിതം നയിച്ച രത്തൻ ടാറ്റയുടെ ജീവിതയാത്ര നമുക്ക് കാണാം.**

1937 ഡിസംബർ 28ന് നേവൽ ടാറ്റയുടെയും സോനു ടാറ്റയുടെയും മകനായി രത്തൻ ടാറ്റ ജനിച്ചു. അദ്ദേഹത്തിന് 10 വയസ്സുള്ളപ്പോൾ മാതാപിതാക്കൾ വേർപിരിഞ്ഞു. ഒരു വശത്ത് മാതാപിതാക്കളുടെ സ്നേഹം ലഭിക്കാത്ത സാഹചര്യം അദ്ദേഹത്തെ വിഷമിപ്പിച്ചു, അവന്റെ മാതാപിതാക്കളുടെ തുടർച്ചയായ രണ്ടാം വിവാഹം അവനെ അവന്റെ സ്നേഹിതർക്കിടയിൽ പരിഹാസ്യനാക്കി.

അതുകൊണ്ട് മുത്തശ്ശി നവാഭായി ടാറ്റയാണ് അദ്ദേഹത്തെ വളർത്തിയത്. സ്കൂൾ വിദ്യാഭ്യാസം നല്ല രീതിയിൽ പൂർത്തിയാക്കിയശേഷം, 1975 -ൽ ഹാർവാർഡ് ബിസിനസ്സ് സ്കൂളിൽ അഡ്വാൻസ്ഡ് മാനേജ്മെന്റ് പ്രോഗ്രാം പൂർത്തിയാക്കുകയും ചെയ്തു. തന്നെ കൂടുതൽ വളർത്തുവാനും, ജനപ്രീതി നേടാനും ലക്ഷ്യമിട്ട് ഏറ്റവും വലിയ കമ്പനിയായ ഐ.ബി.എം. (IBM)-ൽ ജോലി ചെയ്യാൻ തുടങ്ങി.

1962ൽ ടാറ്റ തന്റെ കുടുംബ ബിസിനസ്സിൽ പങ്കുചേർന്നു. ടാറ്റാ ഗ്രൂപ്പ് അദ്ദേഹത്തിന്റെ സ്വന്തം കമ്പനിയായിരുന്നിട്ടും തുടക്കത്തിൽ നീല കോട്ട് ധരിച്ച് കടയിൽ ജോലി ചെയ്യുന്ന തൊഴിലാളിയായി അദ്ദേഹം പരിശീലനം നേടി. ചെറിയ ചെറിയ ഉത്തരവാദിത്തങ്ങളിൽ നിന്ന് കമ്പനിയുടെ എല്ലാ സാങ്കേതിക വിദ്യകളും അദ്ദേഹം വ്യക്തമായി പഠിച്ചു. പിന്നീട്, തന്റെ കഠിനാധ്വാനത്തിന്റെ ഫലമായി 1991ൽ ടാറ്റാ ഗ്രൂപ്പിന്റെ ചെയർമാനും സ്ഥാപകനുമായി ചുമതലയേറ്റു. ഈ ഉത്തരവാദിത്തം ഏറ്റെടുത്ത ശേഷം ടാറ്റ ഗ്രൂപ്പ് അന്താരാഷ്ട്ര വിപണിയിൽ വൻ വളർച്ച കൈവരിച്ചു. വിദേശ കമ്പനികളായ കോറസ്,ജാഗ്വാർ, ലാൻഡ് ലോവർ എന്നിവയും അദ്ദേഹം തന്റെ കമ്പനിയുടെ കീഴിൽ കൊണ്ടുവന്നു.







ഒരിക്കൽ ഒരു ഇടത്തരം കുടുംബം ബൈക്കിൽ കഷ്ടപ്പെടുന്നത് കണ്ട രത്തൻ ടാറ്റ, രാജ്യത്തുടനീളമുള്ള ഇടത്തരക്കാരുടെ യാത്രാ ആവശ്യങ്ങൾ കണക്കിലെടുത്ത് കുറഞ്ഞ ചെലവിൽ ഒരു ചെറിയ കാർ നിർമ്മിക്കാൻ ടാറ്റ ഇൻഡിക്ക കാർ രൂപകൽപ്പന ചെയ്തു. ഇതുകൂടാതെ, ടാറ്റ കൺസൾട്ടൻസി സർവീസസ് (TCS) വഴി അദ്ദേഹം ഇന്ത്യയിലെ ഐടി മേഖലയിൽ നേതൃസ്ഥാനത്ത് എത്തുകയും, ആയിരക്കണക്കിന് ആളുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. രത്തൻ ടാറ്റ ഇരുമ്പ് വ്യവസായത്തിലും കാലെടുത്തുവച്ചു. ഇന്ന് TATA Steels ഇന്ത്യയിൽ നന്നായി പ്രവർത്തിച്ചുവരുന്നു. മോട്ടോർ വാഹനങ്ങളുടെ ബിസിനസ്സിലും അദ്ദേഹം വലിയ മാറ്റം കൊണ്ടുവന്നു. നമ്മൾ കഴിക്കുന്ന ഭക്ഷണത്തിലെ ഉപ്പ് മുതൽ ചായ, വാച്ചുകൾ, ഇരുമ്പ്, ആഭരണങ്ങൾ, ടാറ്റ പവർ, ടാറ്റ ടെലികമ്മ്യൂണിക്കേഷൻസ്, താജ് ഹോട്ടൽസ് വരെ എല്ലാറ്റിലും ടാറ്റയുടെ കാൽപ്പാടുകൾ പതിപ്പിച്ചിട്ടുണ്ട്.

ഒരിക്കലും പണം മാത്രമാണ് ജീവിതം എന്ന് ചിന്തിക്കാതെ, മറ്റുള്ളവരെ സഹായിക്കുക എന്നത് മാത്രം രത്തൻ ടാറ്റയുടെ മനോഭാവമായിരുന്നതുകൊണ്ട്, തന്റെ ചാരിറ്റബിൾ ഓർഗനൈസേഷനിലൂടെ ലക്ഷക്കണക്കിന് പാവപ്പെട്ട കുഞ്ഞുങ്ങൾക്കും ഭിന്നശേഷിക്കാർക്കും നിരാലംബരായ കുട്ടികൾക്കും വേണ്ടി ധാരാളം സഹായങ്ങൾ ചെയ്തു. ഇന്ത്യയിലെ കൊറോണ ദുരിതാശ്വാസ നിധിയിലേക്ക് 1500 കോടി രൂപ നൽകി. അതുകൊണ്ടുതന്നെ ഇന്ത്യയിലെ മുൻനിരയിലെ ചാരിറ്റബിൾ സംഘടനകളിൽ ഒന്നാണ് ടാറ്റ trusts. 2022ൽ അദ്ദേഹത്തിന്റെ ആസ്തി 3800 കോടി രൂപയായി കണക്കാക്കപ്പെട്ടിരുന്നു. ഐഐഎഫ്എൽ വെൽത്ത് ഹുറുൺ ഇന്ത്യ റിച്ച് ലിസ്റ്റിൽ അദ്ദേഹം 421-ാം സ്ഥാനത്താണ്. അതിനുമുമ്പുള്ള വർഷം 3,500 കോടി രൂപയുമായി 433 -ാം സ്ഥാനത്തായിരുന്നു. ടാറ്റ ഗ്രൂപ്പ് തങ്ങളുടെ കമ്പനികളുടെ മുഴുവൻ വരുമാനത്തിന്റെ 66 ശതമാനവും ചാരിറ്റിക്ക് സംഭാവന ചെയ്യുന്നു. 2023 ജൂലൈ 31 വരെ, ടാറ്റ ഗ്രൂപ്പിന് 29 പൊതു വ്യാപാര സ്ഥാപനങ്ങളുണ്ട്. ഇതിന്റെ മുഴുവൻ വിപണി മൂലധനം 300 ഡോളർ ബില്യൺ ആണ്. ഇത്രയും സമ്പന്നനായിരുന്നിട്ടും രത്തൻ ടാറ്റ ലളിതജീവിതം നയിച്ചിരുന്നു.

അദ്ദേഹത്തന്റെ നല്ല സ്വഭാവത്തിന് പത്മഭൂഷൺ, പത്മവിഭൂഷൺ, ഡു കാർണഗീ മെഡൽ, സിംഗപ്പൂർ ഗവൺമെന്റ് ഓണററി പൗരത്വം, ബ്രിട്ടീഷ് ഗവൺമെന്റ് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഓണററി നൈറ്റ് കമാൻഡർ എന്നീ അംഗീകാരങ്ങൾ നൽകി ആദരിച്ചിട്ടുണ്ട്. ഇത് മാത്രമല്ല, രത്തൻ ടാറ്റ ഒരു മൃഗസംരക്ഷണ പ്രവർത്തകൻ കൂടിയായിരുന്നു. ഇത്തരത്തിൽ അദ്ദേഹത്തിന്റെ ഓരോ പ്രവൃത്തിയും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള വ്യക്തികളെയും ആകർഷിച്ചു. അതുകൊണ്ടുതന്നെ അദ്ദേഹം 140 കോടി ജനസംഖ്യയുള്ള ഇന്ത്യയിലെ ഏറ്റവും പ്രശസ്തനായ വ്യവസായികളിൽ ഒരാളായിരുന്നു.

**ഇത് വായിക്കുന്ന സ്നേഹിതരെ, ജീവിതം എന്നത് നിസ്സാരമല്ല. അതിനെ ശരിയായി അഭിമുഖീകരിക്കുന്നവർക്ക് മാത്രമേ രത്തൻ ടാറ്റയെപ്പോലെ വിജയിക്കാനാകൂ. രത്തൻ ടാറ്റ ഒരു വ്യവസായി ആയതുകൊണ്ട് മാത്രമല്ല ജീവിതത്തിൽ വിജയം കൈവരിച്ചത്. അദ്ദേഹത്തിന്റെ സ്വഭാവം കാരണം എല്ലാവരുടെയും മനസ്സിൽ ഒരു പ്രത്യേക സ്ഥാനം ലഭിച്ചു. നേടുന്നതിനേക്കാൾ നൽകുന്നതിലാണ് അദ്ദേഹം സന്തോഷിച്ചിരുന്നത്. ഇന്ത്യ വേഗത്തിൽ ഒരു സൂപ്പർ പവർ ആകണമെങ്കിൽ, നമുക്ക് അദ്ദേഹത്തെപ്പോലെയുള്ള ധാരാളം രത്തൻ ടാറ്റമാരെ വേണം. അവരിലൊരാൾ നിങ്ങളാകുമെന്ന് ആർക്കറിയാം....!**



# പകർന്ന് നൽകുവിൻ



എല്ലാ വർഷവും ക്രിസ്തുമസ് ദിവസം അടുക്കുമ്പോൾ പുതുവസ്ത്രങ്ങൾ വാങ്ങുക, അലങ്കാര പുൽകൂട് ഒരുക്കുക, തോരണങ്ങളും വർണ്ണാഭമായ വിളക്കുകളും കൊണ്ട് ഭവനം അലങ്കരിക്കുക, പല പദ്ധതികൾ ആസൂത്രണം ചെയ്യുക, സ്നേഹിതർക്കും ബന്ധുക്കൾക്കും സമ്മാനങ്ങളും മധുരപലഹാരങ്ങളും പങ്കിടുക തുടങ്ങിയ പല ചിന്തകളും നമ്മിൽ ഉണ്ടാകുന്നത് സ്വാഭാവികമാണ്. നല്ല സൗകര്യങ്ങളോടെ ജീവിക്കുന്ന നമ്മുടെ സ്വന്തക്കാരോടും ബന്ധുക്കളോടും ക്രിസ്തുവിന്റെ സ്നേഹം പങ്കിടുന്നതിന് പകരം, നമ്മെക്കാൾ താഴ്ന്നവരുമായി ക്രിസ്തുവിന്റെ സ്നേഹം പങ്കുവയ്ക്കുമ്പോൾ, തീർച്ചയായും നമുക്ക് നല്ല സംതൃപ്തിയും സന്തോഷവും അനുഭവപ്പെടും എന്നതിൽ സംശയമില്ല. "നീ വിരുന്നു കഴിക്കുമ്പോൾ ദരിദ്രന്മാർ, അംഗഹീനന്മാർ, മുടന്തന്മാർ, കുരുടന്മാർ എന്നിവരെ ക്ഷണിക്ക; എന്നാൽ നീ ഭാഗ്യവാനാകും; നിനക്കു പ്രത്യുപകാരം ചെയ് വാൻ അവർക്കു വകയില്ലല്ലോ; നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രത്യുപകാരം ഉണ്ടാകും." ( ലൂക്കോസ് 14:13,14).

### നിങ്ങൾക്കുള്ളത് പങ്കുവയ്ക്കുവിൻ

ഉള്ളവർ ഇല്ലാത്തവരുമായി പങ്കുവയ്ക്കാനുള്ള ഒരു ദിവസമാണ് ക്രിസ്തുമസ്. എല്ലാ വർഷവും ക്രിസ്തുമസ് വിരുന്ന് ആഘോഷിക്കുന്നത് നമ്മുടെ സന്തോഷത്തിനാണോ? അതോ, മറ്റുള്ളവരെ സന്തോഷിപ്പിക്കുവാനോ? ആലോചിച്ചു നോക്കൂ. യേശു ദരിദ്രരെയും അനാഥരെയും വിധവകളെയും കരുതിയിരുന്നു. "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്തായി 25:40). വിശക്കുന്നവർക്ക് ഭക്ഷണം നൽകുന്നതും, വസ്ത്രം ഇല്ലാത്തവർക്ക് വസ്ത്രം നൽകുന്നതും, ആവശ്യങ്ങളോടിരിക്കുന്നവരെ കരുതുന്നതും, തനിക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതും



കർത്താവിന്റെ ആഗ്രഹമാണ്. എന്നാൽ ഇത് ചെയ്യുന്നതിൽ നമ്മിൽ പലരും പരാജയപ്പെടുന്നു. ആവശ്യമുള്ളവരെ അവഗണിക്കുകയും അവരോട് നമ്മുടെ ഹൃദയം അടയ്ക്കുകയും ചെയ്താൽ, ദൈവസ്നേഹം ഒരിക്കലും നമ്മിൽ വെളിപ്പെടുകയില്ല. "ഒരു സഹോദരനോ, സഹോദരിയോ നഗ്നരും അഹോവൃത്തിക്കു വക ഇല്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോട് സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ് വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷയ്ക്ക് ആവശ്യമുള്ളത് അവർക്കു കൊടുക്കാതിരുന്നാൽ ഉപകാരം എന്ത്?" (യാക്കോബ് 2:15,16). നിങ്ങൾക്കുള്ളത് സാധുക്കളുമായി പങ്കുവച്ച് ക്രിസ്തുവിന്റെ സ്നേഹം പ്രകടിപ്പിക്കുവിൻ. തീർച്ചയായും ക്രിസ്തു നിങ്ങളിൽ മഹത്വപ്പെടും!

## സുവാർത്ത അറിയിക്കുവിൻ

ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കുവാനും യേശുവിന്റെ സ്നേഹം പങ്കുവയ്ക്കാനുമുള്ള നല്ല സമയമാണ് ക്രിസ്തുമസ് ദിനങ്ങൾ. ദിവസവും നിങ്ങൾ കാണുന്ന ആളുകൾ, സ്നേഹിതർ മാത്രമല്ല ഒപ്പം പഠിക്കുന്ന അല്ലെങ്കിൽ ജോലി ചെയ്യുന്നതുമായ എല്ലാവരോടും ലജ്ജയില്ലാതെ ക്രിസ്തുവിന്റെ സ്നേഹം പങ്കുവച്ച് സുവിശേഷകന്റെ ജോലി ചെയ്യുവിൻ.

സ്വർഗത്തിൽ വലിയ സന്തോഷവും, പരമാനന്ദവും നേടാനുള്ള ഏറ്റവും നല്ല മാർഗമാണ് ആത്മാക്കളുടെ ആദായം. നാം അനുഭവിക്കുന്ന എല്ലാ അനുഗ്രഹങ്ങളും കർത്താവ് നമുക്ക് നൽകിയതാണ്. ആത്മാക്കളെ നേടുന്നതിന് നിങ്ങൾ അത് ഉപയോഗിക്കുകയാണെങ്കിൽ, നിങ്ങൾ നിമിത്തം സ്വർഗത്തിൽ വലിയ സന്തോഷമുണ്ടാകും.

"പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ" (മത്തായി 6:19,20) എന്ന് യേശു പറഞ്ഞതുപോലെ, ഈ ഡിസംബർ മാസം മുഴുവനും നിങ്ങൾക്ക് കഴിയുന്നത്രയും ആത്മാക്കളോട് ക്രിസ്തുവിന്റെ സ്നേഹം പങ്കുവയ്ക്കുവിൻ. നിങ്ങൾക്കായുള്ള നിക്ഷേപം സ്വർഗത്തിൽ കാത്തിരിക്കുന്നു.

എനിക്ക് പ്രിയപ്പെട്ട യൗവനക്കാരെ, ലോകത്തിൽ ജനിക്കുമ്പോൾ നാം ഒന്നും കൊണ്ടുവരുന്നില്ല, ഒന്നും കൊണ്ടുപോകുകയുമില്ല. നശ്വരമായ ഈ ലോകത്തിൽ നിക്ഷേപങ്ങൾ സ്വരൂപിക്കാൻ ശ്രമിക്കുന്നതിനേക്കാൾ അധികം സ്വർഗത്തിൽ നിക്ഷേപങ്ങൾ സ്വരൂപിക്കുവാൻ നമുക്ക് പരിശ്രമിക്കാം. സാധുക്കളും - നിരാലംബരുമായ ആളുകൾക്കും, അശരണർക്കും, വിധവകൾക്കും, കർത്താവിനെ അറിയാത്തവർക്കും യേശുവിന്റെ സ്നേഹം പങ്കുവയ്ക്കാൻ ശ്രമിക്കുവിൻ. നന്മ ചെയ് വാൻ കഴിവുള്ളപ്പോൾ അത് ചെയ്യുവിൻ.


# ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

*യേശു വിടുവിക്കുന്നു*

ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

| Trivandrum | Kochi | Kottayam |
|---|---|---|
| TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | Office Time 9:30 A.M. - 5:00 P.M. | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | Mob: 94966 53183 | Mob: 94967 44001, 99463 00001. |



ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# പ്രാർത്ഥനാ ഡയറി



## ലൈംഗിക അതിക്രമങ്ങൾ

യൂണിസെഫ് റിപ്പോർട്ട് അനുസരിച്ച് ലോകമെമ്പാടുമുള്ള 37 കോടിയിലധികം പെൺകുട്ടികളും സ്ത്രീകളും 18 വയസ്സിന് മുമ്പ് ലൈംഗികാതിക്രമത്തിന് വിധേയരാകുകയോ, ബലാത്സംഗം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്. 8 പെൺകുട്ടികളിൽ ഒരാൾ 18 വയസ്സിന് മുമ്പ് ലൈംഗികാതിക്രമത്തിന് വിധേയരാകുന്നു. 14 നും 17 നും ഇടയിൽ പ്രായമുള്ള പെൺകുട്ടികളാണ് കൂടതലായി ബാധിക്കപ്പെടുന്നത്. അതുപോലെ 24 നും 75 നും ഇടയിൽ പ്രായമുള്ള 31 കോടി പുരുഷന്മാരിൽ 11 ൽ ഒരാൾ ബലാത്സംഗം അല്ലെങ്കിൽ ലൈംഗികാതിക്രമം നേരിട്ടിട്ടുണ്ട്.

### പ്രാർത്ഥനാ വിഷയങ്ങൾ

1. കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നത് അവസാനിക്കുവാനായി പ്രാർത്ഥിക്കുവിൻ.
2. ലൈംഗികാതിക്രമത്തിന് വിധേയരായ കുഞ്ഞുങ്ങളുടെമേൽ ദൈവീക സംരക്ഷണം ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.
3. ലൈംഗികമായി പീഡിപ്പിക്കപ്പെട്ട സ്ത്രീകൾക്കും പെൺകുട്ടികൾക്കും കർത്താവ് നല്ല ഭാവി ഒരുക്കുവാനായി പ്രാർത്ഥിക്കുവിൻ.
4. ലൈംഗിക അതിക്രമങ്ങളിൽ ഏർപ്പെടുന്നവർ മാനസാന്തരപ്പെടാനായി പ്രാർത്ഥിക്കുവിൻ.



## മദ്യത്തിന് അടിമ

ഇന്ത്യയിൽ 10 നും 17 നും ഇടയിൽ പ്രായമുള്ള 30 ലക്ഷം യുവാക്കളും 18 നും 75 നും ഇടയിൽ പ്രായമുള്ള 15.1കോടി ജനങ്ങളും മദ്യത്തിന് അടിമയാണ്. നമ്മുടെ രാജ്യത്തിലെ മൂന്നിലൊന്ന് പേരും മദ്യത്തിന് അടിമയാണ്. മദ്യപാനത്തിന്റെ ഫലമായി പ്രതിവർഷം 30 ലക്ഷം പേർ മരണപ്പെടുന്നു. ഓരോ മിനിറ്റിലും 6 പേർ മരിക്കുന്നു. അതേസമയം, 18% പേർ ആത്മഹത്യയ്ക്ക് ശ്രമിക്കുന്നുവെന്നും, 27% പേർക്ക് അപകടങ്ങളിൽ ഗുരുതരമായി പരുക്കേൽക്കുന്നതായും ലോകാരോഗ്യ സംഘടന അറിയിപ്പ് നൽകുന്നു. യുവതലമുറയിൽ മദ്യാസക്തി അഞ്ചിരട്ടിയായി വർദ്ധിച്ചിരിക്കുന്നു. തമിഴ്നാട്ടിൽ മാത്രം 2.2 കോടി ആളുകൾ മദ്യത്തിന് അടിമകളാണ്.

### പ്രാർത്ഥനാ വിഷയങ്ങൾ

1. മദ്യത്തിന് അടിമകളായവർ തങ്ങളുടെ ശരീരത്തെയും ആത്മാവിനെയും നശിപ്പിക്കാതിരിക്കാൻ ആ അടിമത്തത്തിൽ നിന്ന് കർത്താവ് അവരെ വിടുവിക്കുവാനായി ആത്മാർത്ഥമായി പ്രാർത്ഥിക്കുവിൻ.
2. മദ്യാസക്തി മൂലമുള്ള അപകടങ്ങളും മരണങ്ങളും തടയപ്പെടുവാനായി കർത്താവിനോട് പ്രാർത്ഥിക്കുവിൻ.
3. മയക്കുമരുന്നിന് അടിമപ്പെട്ട് ആത്മഹത്യ ചെയ്യുന്ന സ്കൂൾ വിദ്യാർത്ഥികളെയും യുവാക്കളെയും കർത്താവ് വിടുവിക്കുന്നതിനായി പ്രാർത്ഥിക്കുവിൻ.
4. മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും വിൽപ്പന നിരോധിക്കാൻ സർക്കാർ മുന്നോട്ട് വരുന്നതിനായി പ്രാർത്ഥിക്കുവിൻ.

# മഴ

കാലാവസ്ഥാ വ്യതിയാനം നിമിത്തം കനത്ത മഴയും വെള്ളപൊക്കവും ഇന്ത്യയെ ബാധിച്ചു. ജൂൺ 1-ാം തിയതി മുതൽ സെപ്റ്റംബർ 30 വരെ 934.8 മില്ലീലിറ്റർ മഴയാണ് ഇന്ത്യയിൽ



രേഖപ്പെടുത്തിയിരിക്കുന്നത്.
2024ലെ മൺസൂൺ സീസണിലെ കനത്ത മഴ ഇന്ത്യയുടെ പല ഭാഗങ്ങളിലും കനത്ത വെള്ളപ്പൊക്കത്തിനും മണ്ണിടിച്ചിലിനും കാരണമായി. മഴയെ തുടർന്ന് അസം, ഗുജറാത്ത്, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിൽ കനത്ത വെള്ളപ്പൊക്കവും വ്യാപക നാശനഷ്ടവും ഉണ്ടായി. കേരളത്തിൽ വയനാട്ടിൽ ഉരുൾപൊട്ടലും വൻ നാശനഷ്ടങ്ങളും ഉണ്ടായി.

### പ്രാർത്ഥനാ വിഷയങ്ങൾ

1. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ വെള്ളപ്പൊക്കവും ഉരുൾപൊട്ടലും മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ ഉണ്ടാകാതിരിക്കുവാനായി പ്രാർത്ഥിക്കുവിൻ.

2. പ്രളയത്തിൽ തങ്ങളുടെ വീടും വസ്തുക്കളും നഷ്ടപ്പെട്ട് കഷ്ടമനുഭവിക്കുന്ന ലക്ഷക്കണക്കിന് കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

3. ഡിസംബർ മഴക്കാലമായതിനാൽ ഇന്ത്യയുടെ ഒരു ഭാഗത്തും പ്രകൃതിക്ഷോഭങ്ങൾ നിമിത്തം നാശനഷ്ടങ്ങൾ ഉണ്ടാകാതെ സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കാം.

4. അനുഗ്രഹീതമായ മഴ ലഭിക്കുവാനും, മഴ നിമിത്തം മരണം സംഭവിക്കാതിരിക്കുവാനും കർത്താവ് പ്രകൃതിയോട് കൽപ്പിക്കുവാനായി പ്രാർത്ഥിക്കുവിൻ

# വായൂ മലിനീകരണം



ലോകത്തിലെ ഏറ്റവും മലിനമായ രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. അതിൽ നമ്മുടെ ഡൽഹിയാണ് ഏറ്റവും മലിനമായ തലസ്ഥാനം. വായൂ മലിനീകരണം 8ൽ 1 മരണത്തിന് കാരണമാകുന്നു. ലോകമെമ്പാടുമുള്ള വായൂ മലിനീകരണം എല്ലാ വർഷവും ഏഴ് ദശലക്ഷം ജനങ്ങളെ കൊല്ലുന്നുവെന്ന് WHO റിപ്പോർട്ട് ചെയ്യുന്നു. ലോകത്തിലെ ഏറ്റവും മോശം അന്തരീക്ഷ മലിനീകരണമുള്ള 30 നഗരങ്ങളിൽ 21 എണ്ണവും ഇന്ത്യയിലാണ്. യൂണിസെഫിന്റെ റിപ്പോർട്ട് അനുസരിച്ച് ഓരോ ദിവസവും അഞ്ച് വയസ്സിന് താഴെയുള്ള ഏകദേശം 2000 കുഞ്ഞുങ്ങൾ വായു മലിനീകരണം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളാൽ മരണപ്പെടുന്നു. 2021-ൽ ലോകമെമ്പാടുമുള്ള 81 ദശലക്ഷം മരണവും വായു മലിനീകരണം കാരണമായിരുന്നുവെന്നും, അഞ്ച് വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ള മരണത്തിന്റെ രണ്ടാമത്തെ പ്രധാന കാരണമായിരിക്കുന്നു എന്നും അത് ചൂണ്ടിക്കാട്ടുന്നു.

### പ്രാർത്ഥനാ വിഷയങ്ങൾ

1. വായു മലിനീകരണം നിമിത്തം ഉണ്ടാകുന്ന രോഗങ്ങളിലൂടെ മരണം ഉണ്ടാകാതിരിക്കുവാനായി പ്രാർത്ഥിക്കുവിൻ.

2. ജനങ്ങൾ ശുദ്ധമായ വായു ശ്വസിക്കുന്നതിനായി, മലനീകരണത്തിന് കാരണമാകുന്ന വസ്തുക്കൾ നിരോധിക്കപ്പെടുവാൻ പ്രാർത്ഥിക്കുവിൻ.

3. വായൂ മലിനീകരണം നിമിത്തം കുഞ്ഞുങ്ങളെ ബാധിക്കുകയും മരണത്തിലേക്ക് നയിക്കുകയും ചെയ്യുന്ന രോഗാണുക്കൾ പൂർണ്ണമായും നശിച്ചുപോകുന്നതിനായി പ്രാർത്ഥിക്കുവിൻ.

4. അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുന്ന ഫാക്ടറികളിൽ നിന്ന് പുറത്തുവരുന്ന മാലിന്യങ്ങൾ ജനങ്ങൾക്ക് ദോഷം വരുത്താത്ത വിധത്തിൽ അവ ശരിയായി കൈകാര്യം ചെയ്യാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുവാനായി പ്രാർത്ഥിക്കുവിൻ.

# വീരനായ തിമൊഥെയൊസ്

ഭാഗം - 11





Hi friends, എല്ലാവർക്കും സുഖമാണോ? ഈ പംക്തിയിലൂടെ നിങ്ങളെ വീണ്ടും കണ്ടുമുട്ടിയതിൽ ഞാൻ വളരെ സന്തോഷിക്കുന്നു! നിങ്ങൾക്കെല്ലാവർക്കും ക്രിസ്തുമസ് ആശംസകൾ. തിമൊഥെയൊസിന്റെ ബാല്യകാലം, യൗവനം, നേരിട്ട വെല്ലുവിളികൾ, ശുശ്രൂഷകൾ എന്നിവയെപ്പറ്റി ധാരാളം വിവരങ്ങൾ നാം അറിഞ്ഞുവല്ലോ! നിശ്ചയമായും ഈ ഭാഗം നിങ്ങൾക്ക് പ്രയോജനപ്രദമായിരുന്നു എന്ന് വിശ്വസിക്കുന്നു.

**friends ഈ മാസം നാം വളരെ പ്രധാനപ്പെട്ട ഒരു ഭാഗത്തേക്ക് എത്തിയിരിക്കുന്നു. അതെ, ഇത് ഈ പരമ്പരയുടെ അവസാനഭാഗം കൂടിയാണ്. ഈ മാസം നാം എന്താണ് കാണാൻ പോകുന്നതെന്ന് ആകാംക്ഷയോടെ ആയിരിക്കുന്നുവോ? നിങ്ങളിൽ ചിലർ അത് കണ്ടെത്തിയല്ലോ. ഹും .... നിങ്ങൾ guess ചെയ്തത് correct ആണ്. നമ്മുടെ പംക്തിയിലെ നായകനായ തിമൊഥെയൊസിന്റെ അവസാന നാളുകളാണ് നാം കാണാൻ പോകുന്നത്. വരൂ, പരമ്പരയിലേക്ക് പോകാം.**

## തിമൊഥെയൊസിന്റെ അവസാനത്തെ ശുശ്രൂഷ

തിമൊഥെയൊസ് കൊരിന്ത് പട്ടണത്തിൽ യേശുവിനെക്കുറിച്ച് പ്രസംഗിച്ചതുനിമിത്തം തടവിലാക്കപ്പെട്ടു. അവിടെനിന്നും മോചിതനായ ശേഷം അപ്പൊസ്തലനായ ബർണബാസ് അവനോടൊപ്പം ചേർന്ന് റോമിലെ സഭയെ പുതുക്കുവാൻ ആഗ്രഹിച്ചു. എന്നാൽ എഫെസൊസിലെ സഭയിൽ തനിക്കൊരു വിളി ഉണ്ടെന്ന് തിമൊഥെയൊസ് വിശ്വസിച്ചിരുന്നു. ബർണബാസ് സൈപ്രസ് ദ്വീപിലേക്ക് മടങ്ങിയതിനുശേഷം, തിമൊഥെയൊസ് എഫെസൊസ് സഭയിൽ തന്റെ ശുശ്രൂഷ തുടരുകയും, ദീർഘകാലം ആ സഭയിൽ ഉപദേഷ്ടാവായി നിലനിൽക്കുകയും ചെയ്തു.

friends, ബർണബാസ് തന്നെ വിളിച്ചപ്പോഴും തിമൊഥെയൊസ് തന്റെ വിളിയിൽ ശ്രദ്ധയുള്ളവനായിരുന്നു. തനിക്ക് നൽകപ്പെട്ട ശുശ്രൂഷാ എന്താണെന്ന് വ്യക്തമായി വിവേചിച്ചുകൊണ്ട് അവൻ ദൈവഹിതം ചെയ്തു. ഇന്ന് നാമെല്ലാവരും ശുശ്രൂഷ ചെയ്യുന്നു. എന്നാൽ ദൈവഹിതമനുസരിച്ച് ദൈവം നമുക്ക് നൽകിയ വേദിയിലാണോ നാം ശുശ്രൂഷ ചെയ്യുന്നതെന്ന് ചിന്തിച്ചുനോക്കുവിൻ.

ഹും ... ഒരു നിമിഷം ... നാം ചെറുപ്പത്തിൽ കണ്ടിരുന്ന യൗവനക്കാരനല്ല തിമൊഥെയൊസ്, ഇപ്പോൾ അദ്ദേഹത്തിന് 80 വയസ്സായി.

## ശുശ്രൂഷാ മേഖലയായ എഫെസൊസും, അർത്തെമിസ് ദേവിയും

ഈ എഫെസൊസിൽ അർത്തെമിസ് ദേവിയുടെ ക്ഷേത്രമുണ്ടായിരുന്നു. അത് ലോകപ്രശസ്തമായ

ക്ഷേത്രമാണ്. എഫെസൊസിലെ ജനങ്ങൾ വർഷങ്ങളായി ആരാധിച്ചിരുന്ന ദേവതയാണിത്. അതിനെ അവിവാഹിതയായ ദേവതയായി കണക്കാക്കപ്പെട്ടിരുന്നു. സ്ത്രീകൾക്ക് സന്താനഭാഗ്യം നൽകുന്ന ദേവത, റോമക്കാരുടെ വന്യമൃഗ വേട്ടയുടെ ദേവത, ചന്ദ്രന്റെയും പ്രകൃതിയുടെയും ദേവതയായും കണക്കാക്കപ്പെട്ടിരുന്നു.

ഈ അർത്തെമിസ് ദേവിയ്ക്ക് 423 അടി നീളവും, 220 അടി വീതിയും 60 അടി ഉയരവും, 127 വെള്ള മാർബിൾ തൂണുകളുമുള്ള ഒരു വലിയ ക്ഷേത്രം എഫെസൊസിൽ ഉണ്ടായിരുന്നു. അക്കാലത്ത് ഈ ക്ഷേത്രം ലോകാത്ഭുതമായി കണക്കാക്കപ്പെട്ടിരുന്നു. അർത്തെമിസ് ദേവിയുടെ പ്രതിമ വെള്ളിയിൽ നിർമ്മിച്ച് നിരവധി ജനങ്ങൾക്ക് വിൽക്കുകയും ചെയ്തിരുന്നു.

ഇതുമൂലം ആ ക്ഷേത്ര പൂജാരിയ്ക്ക് ഏറെ ലാഭമുണ്ടായി. ഈ അർത്തെമിസ് ദേവിയ്ക്ക് പൂജ നടത്താൻ പ്രത്യേകം ക്ഷേത്ര പൂജാരിമാർ ഉണ്ടായിരുന്നു. അർത്തെമിസ് ദേവിയ്ക്ക് പ്രത്യേക മഹോത്സവങ്ങൾ നടത്തും. അപ്പോൾ ആളുകൾ മദ്യപിച്ച് ഭ്രാന്തരെപ്പോലെ നൃത്തം ചെയ്തിരുന്നു.

എഫെസൊസ് അന്ധവിശ്വാസങ്ങൾകൊണ്ട് നിറഞ്ഞതായിരുന്നു. എഫെസൊസ് അക്ഷരങ്ങൾ എന്ന പേരിൽ മന്ത്ര തകിടുകൾ ഉയർന്ന വിലയ്ക്ക് വിൽപ്പന നടത്തിയിരുന്നു. ഈ മന്ത്രതകിടുകൾ സന്താനലബ്ധി, ഐശ്വര്യം തുടങ്ങിയ നിരവധി അനുഗ്രഹങ്ങൾക്ക് കാരണമായിരിക്കുമെന്ന് കരുതി ലോകത്തിന്റെ നാനാ ഭാഗത്തുനിന്നും ആളുകൾ അന്വേഷിച്ചുവന്ന് വാങ്ങിയിരുന്നു.


അത്തരമൊരു പരമ്പരാഗത നഗരത്തിലാണ് പൗലൊസ് ഒരു വർഷത്തോളം താമസിച്ച് ശുശ്രൂഷ ചെയ്തത്. പൗലൊസിന്റെയും കൂട്ടരുടെയും ശുശ്രൂഷ നിമിത്തം പലരും യേശുവിനെ സ്വീകരിച്ചു. ഇക്കാരണത്താൽ, ജനങ്ങൾ യേശുവിനെ അനുഗമിക്കുകയും അർത്തെമിസ് ദേവിയെ ഉപേക്ഷിക്കുകയും ചെയ്യുമെന്ന് പുരോഹിതന്മാർ ഭയപ്പെട്ടു. ഇത് ഇടയ്ക്കിടെയുള്ള മതകലാപങ്ങൾക്ക് കാരണമായിതീർന്നു.

അത്തരമൊരു സ്ഥലത്തിൽ ശുശ്രൂഷ ചെയ്യുന്നത് പ്രയാസമാണ്. അങ്ങനെ പൗലൊസിന്റെ കൂടെയുണ്ടായിരുന്ന ചിലർ അദ്ദേഹത്തെ വിട്ടുപോയി. അവരിൽ തിമൊഥെയൊസ് മാത്രമേ പൗലൊസിനൊപ്പം ശുശ്രൂഷയിൽ തുടർന്നുള്ളൂ. പൗലൊസിന് ശേഷവും അദ്ദേഹം അവിടെ ശുശ്രൂഷ തുടർന്നു.

### തിമൊഥെയൊസിന്റെ മരണം

എഡി 97ൽ ഒരു ദിവസം അദ്ദേഹം അർത്തെമിസ് ദേവിയുടെ ക്ഷേത്രത്തിന് സമീപം പ്രസംഗിക്കുകയായിരുന്നു. ആ ക്ഷേത്രത്തിലെ ആളുകൾ അവിടെ വന്ന് പ്രസംഗിക്കരുതെന്ന് ഭീഷണിപ്പെടുത്തി. എന്നാൽ ഒരു ഭീഷണിയും ഭയക്കാതെ അദ്ദേഹം യേശുവിനെക്കുറിച്ച് പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ, അവർ അദ്ദേഹത്തെ പിടികൂടി വടികൊണ്ട് അടിച്ചു, രക്തം വാർന്ന് പോകുന്ന രീതിയിൽ തെരുവിലൂടെ വലിച്ചിഴച്ചു. ഒടുവിൽ കല്ലെറിഞ്ഞു കൊന്നു. മരിക്കുമ്പോൾ തിമൊഥെയൊസിന് 80 വയസ്സായിരുന്നു.

മികച്ച ശുശ്രൂഷയ്ക്ക് പക്വത പ്രാപിച്ച തിമൊഥെയൊസ് ഒരു രക്തസാക്ഷിയായി മരിച്ചു. നല്ല പോരാട്ടം പോരാടി. പൗലൊസ് മാത്രമല്ല, യേശുക്രിസ്തുവും തന്നെ വിശ്വസിച്ച് ഏൽപ്പിച്ച ശുശ്രൂഷയിൽ വിശ്വസ്തത പുലർത്തി അവസാനം വരെ ശക്തിയോടെ, തീക്ഷ്ണതയോടെ കർത്താവിനുവേണ്ടി ശുശ്രൂഷ ചെയ്ത് അനേകരെ രക്ഷയിലേക്ക് നയിച്ചു, ഇന്നും നാമെല്ലാവരും അത് ചർച്ചചെയ്യുന്നു. അദ്ദേഹം നല്ല നിലത്ത് വിതച്ച വിത്ത് ഇപ്പോഴും ഫലം കായ്ക്കുന്നു.



ഇത്രമാത്രം എതിർപ്പ് നിറഞ്ഞ സ്ഥലത്തിൽ 80 വയസ്സുവരെ ശുശ്രൂഷയിൽ തുടർന്ന തിമൊഥെയൊസ് ശരിക്കും വീരനായിരുന്നു അല്ലേ! എഫെസൊസ് പോലുള്ള strong holds നിറഞ്ഞ സ്ഥലങ്ങളിൽ കർത്താവ് നമ്മെ ശുശ്രൂഷ ചെയ്യുവാൻ വിളിക്കുമ്പോൾ നാം ഭയപ്പെടുമോ? പരിശുദ്ധാത്മാവിന്റെ സഹായത്തോടെ നമുക്ക് ഭയം അകറ്റി തിമൊഥെയൊസിനെപ്പോലെ ധീരതയോടെ എഴുന്നേല്ക്കാം. കർത്താവ് നമ്മോടുകൂടെ ആ സ്ഥലങ്ങളെ ഇളക്കും. ലജ്ജാസ്വഭാവവും ഭയപരവശനുമായിരുന്ന ഒരു സാധാരണ യൗവനക്കാരൻ വീരനായി മാറിയ ചരിത്രമാണിത്.

- വീരയുഗം അവസാനിച്ചു.

# NISUIN BERIYTH

## (വിവാഹ ഉടമ്പടി) ഭാഗം - 11



**NISUIN BERIYTH** എന്ന് ഹീബ്രൂ ഭാഷയിൽ അർത്ഥമാക്കുന്ന **Marriage Covenant** കുറിച്ച് കഴിഞ്ഞ പത്ത് മാസമായി ധ്യാനിച്ചുവന്നു. ഈ മാസം, വിവാഹ ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്ന ദൈവമക്കൾക്കുവേണ്ടിയുള്ള ദൈവീക ഉപദേശവുമായി ഞങ്ങൾ ഈ പംക്തി അവസാനിപ്പിക്കുവാൻ പോകുന്നു.

### പ്രതീക്ഷകൾ

ഭാര്യയോ, ഭർത്താവോ, മാതാപിതാക്കളോ, സഹോദരങ്ങളോ ആരായിരുന്നാലും, പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന എല്ലാവർക്കും ചില പ്രതീക്ഷകളുണ്ടാകും. നിങ്ങളുടെ ജീവിതപങ്കാളിയെയും, അവരുടെ കുടുംബത്തിന്റെയും പ്രധാന പ്രതീക്ഷകൾ ദൈവത്തിന്റെ സഹായത്തോടെ ആദ്യം അന്വേഷിച്ച് അറിയുവാൻ ശ്രമിക്കുവിൻ. തുടർന്ന് ദൈവ കൃപയോടെ നിങ്ങൾ അത് നിറവേറ്റുമ്പോൾ കുടുംബത്തിൽ ദൈവസ്നേഹം ഉണ്ടാകും.

### നിശബ്ദതയുടെ മഹത്വം

പുതിയ കുടുംബാംഗങ്ങളെയെല്ലാം മനസ്സിലാക്കുന്നതുവരെ നിങ്ങൾ ജ്ഞാനത്തിനായി വായ് തുറക്കുന്ന നല്ല സ്ത്രീയെ പോലെ ആയിരിക്കണം. മിണ്ടാതിരിപ്പാൻ ഒരു കാലമുണ്ടെന്ന് പ്രാസംഗികൻ പറയുന്നതുപോലെ, നിങ്ങൾ മിണ്ടാതിരുന്ന് എല്ലാവരെയും മനസ്സിലാക്കേണ്ടത് ആവശ്യമാണ്.

### സംഭാഷണത്തിന്റെ പ്രാധാന്യം

അതേ സമയം ചില സമയങ്ങളിൽ, കുടുംബത്തിൽ ചില തർക്കങ്ങൾ ഉണ്ടാകും. ആ സമയത്ത് സംസാരിക്കുന്നത് ആവശ്യമാണ്. "മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു; കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു" എന്ന വചനം ഓർത്തുകൊണ്ട് ചെറിയ ചെറിയ പ്രശ്നങ്ങൾ വളരാതിരിക്കുവാൻ സാവധാനവും സൗമ്യവുമായ വാക്കുകളാൽ കൈകാര്യം ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്.



### വീട്ടുജോലികളിൽ സജീവമാകുക

"ഉത്സാഹിയുടെ കൈയോ സമ്പത്തുണ്ടാക്കുന്നു" എന്ന് വചനം പറയുന്നു. കിടക്കയിൽ നിന്ന് വൈകി എഴുന്നേൽക്കാതെ, അതിരാവിലെ എഴുന്നേറ്റ്, കൃത്യസമയത്ത് ജോലികൾ ചെയ്തു പൂർത്തിയാക്കേണ്ടത് വളരെ പ്രധാനമാണ്. പരസ്പരം മനസ്സിലാക്കി ജോലികൾ പങ്കിടുന്നതാണ് നല്ലത്. കഴിയുന്നത്രയും ജോലികൾ ആസൂത്രണം ചെയ്ത് സമയബന്ധിതമായി പൂർത്തിയാക്കണം. പലരും ആലോചിച്ച് തങ്ങൾക്ക് ചെയ്യാവുന്ന ചെറിയ ജോലികൾ പോലും ചെയ്യാതെ, ജോലിക്കാരെ കൂലിക്കെടുക്കുകയും അവരെ ആശ്രയിച്ച് ജീവിക്കുകയും ചെയ്യുന്നു.



ചിലർ തങ്ങൾക്ക് കഴിവുണ്ടെങ്കിലും പാചകം ചെയ്യാതെ കഴിക്കാനാണ്

ഇഷ്ടപ്പെടുന്നത്. അതുകൊണ്ട് അവർ Zomato, Swiggy മുതലായവയിൽ നിന്ന് ഓർഡർ ചെയ്ത് ഭക്ഷിക്കുന്നു. അലസതയ്ക്ക് സ്ഥാനം നൽകാതെ, കുടുംബത്തിന്റെ പ്രയോജനത്തിനായി സ്ത്രീകൾ പാചകവും, വീട്ടുജോലികളും കാര്യക്ഷമമായി പഠിക്കുന്നത് വളരെ ആവശ്യമാണ്.

### വരുമാനം

കുടുംബത്തിന്റെ വരുമാനം മാസശമ്പളമായാലും, ബിസിനസ്സായിരുന്നാലും, ഭാര്യാഭർത്താക്കന്മാർ ഒരുമിച്ച് പ്രാർത്ഥിച്ച് കർത്താവിന് നൽകേണ്ട ദശാംശം (പത്തിലൊന്ന്) കണക്കാക്കി ശരിയായി നൽകുകയും വേണം. ബാക്കിയുള്ള പണം ഉപയോഗിച്ച് ഏറ്റവും അത്യാവശ്യമായ ആവശ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് നല്ലത്. സമ്പാദ്യത്തിനായി ഒരു ഭാഗം സൂക്ഷിക്കുന്നതും വളരെ പ്രധാനമാണ്.

### കുടുംബ ത്രിത്വം

ഒരു ത്രികോണത്തിന് മൂന്ന് പോയിന്റുകളുണ്ട്. അവയിൽ പ്രധാന പോയിന്റിൽ യേശുവും, മറ്റ് രണ്ട് പോയിന്റുകളിൽ ഭാര്യാഭർത്താക്കന്മാരും ആയിരിക്കണം.

ഭർത്താവിനും ഭാര്യയ്ക്കും വ്യക്തിഗതമായ പ്രാർത്ഥനാ ജീവിതം ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. ദൈവവുമായുള്ള ബന്ധം മറ്റാർക്കുവേണ്ടിയും കുറയ്ക്കാനോ ഉപേക്ഷിക്കുവാനോ പാടില്ല. ഇരുവരും




കൈകോർത്ത് പ്രാർത്ഥിച്ചുകൊണ്ട് ഓരോ ദിവസവും ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. അപ്പോൾ ഇരുവർക്കും ഒരേ മനസ്സും ചിന്തയും ആയിരിക്കും. കുടുംബകാര്യങ്ങൾ എന്തുതന്നെ ആയാലും മറ്റുള്ളവരോട് പറയാതെ ദൈവത്തോട് പറയണം.

അബ്രഹാം തനിക്ക് കുഞ്ഞുങ്ങളില്ല എന്ന പ്രശ്നം കർത്താവിനോട് അറിയിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ഭാര്യ സാറയോ ക്ഷമയോടെ കാത്തിരുന്നില്ല. മറ്റൊരാളിലൂടെ തന്റെ പ്രശ്നം പരിഹരിക്കാൻ അവൾ ആഗ്രഹിച്ചു. അവസാനമോ അടിമയായ സ്ത്രീ തന്നെ നിസ്സാരമായി കാണുന്ന അവസ്ഥ. അവസാന നാളുകളിൽ വാഗ്ദത്തപ്രകാരം ജനിച്ച യിസ്ഹാക്കിനെ ജഡപ്രകാരം ജനിച്ച യിശ്മായേൽ പരിഹസിച്ചു.

അതേ സമയം യിസ്ഹാക്കിനെ നോക്കുവിൻ. മച്ചിയായ തന്റെ ഭാര്യയ്ക്കുവേണ്ടി അവൻ കർത്താവിനോട് പ്രാർത്ഥിച്ചു. വിവാഹം കഴിയുമ്പോൾ അവന് നാല്പത് വയസ്സായിരുന്നു, കുഞ്ഞുങ്ങൾ ജനിച്ചപ്പോൾ അറുപത് വയസ്സുമായി



(ഉൽ.25:20-26). ഏതാണ്ട് ഇരുപത് വർഷത്തോളം കാത്തിരിക്കേണ്ട അവസ്ഥ. എന്നാൽ 'എന്റെ ഭാര്യയ്ക്ക് സന്താനഭാഗ്യം ഉണ്ടാകുവാനായി യാചിക്കുവിൻ' എന്ന് തന്റെ പ്രശ്നത്തെ മറ്റുള്ളവരോടോ, പിതാവിനോട് പോലും പറയുവാൻ പോയില്ല. അതായത് തന്റെ കുടുംബപ്രശ്നങ്ങൾ മറ്റുള്ളവരോട് പങ്കിടാതെ തന്റെ ദൈവത്തോട് മാത്രം പങ്കിട്ട്, ഇരട്ടക്കുട്ടികളുടെ അനുഗ്രഹം പ്രാപിച്ചു.

ഈ രീതിയിൽ കുടുംബ ത്രിത്വത്തിന് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ ദിവസവും ശരിയായി വചനം വായിക്കുകയും, പ്രാർത്ഥനാ ജീവിതത്തിൽ സജീവമാവുകയും വേണം. അത് തകർക്കുവാനോ ദുർബലമാക്കുവാനോ ഒരിക്കലും ഭർത്താവിനേയോ ഭാര്യയെയോ അനുവദിക്കരുത്. "മുപ്പിരിച്ചരട് വേഗത്തിൽ അറ്റുപോകയില്ല" എന്ന് വചനം പറയുന്നു. അങ്ങനെ ഭാര്യാഭർത്താക്കന്മാർ ദൈവത്തോട് ഐക്യപ്പെട്ടാൽ, അവരുടെ സന്തുഷ്ടവും വിജയകരവുമായ ദാമ്പത്യജീവിതം ആർക്കും നശിപ്പിക്കുവാൻ കഴിയില്ല.

പ്രിയപ്പെട്ട ദൈവമക്കളെ, യേശുക്രിസ്തുവിന്റെ മാധുര്യ നാമത്തിൽ നിങ്ങൾക്കെല്ലാവർക്കും സന്തോഷകരമായ കുടുംബജീവിതം ആശംസിക്കുന്നു. നന്ദി.

**NISUIN BERIYTH** ഇതോടുകൂടി അവസാനിക്കുന്നു.

**GOD BLESS YOU**

# MOUNT SINAI 2024

## (യൗവനക്കാർക്കുവേണ്ടിയുള്ള ഒരു ദിവസത്തെ ഉപവാസ കൂട്ടായ്മ)

കർത്താവിന്റെ അനാദി തീരുമാനപ്രകാരം, ഈ വർഷവും ദീപാവലി ദിനത്തിൽ (ഒക്ടോബർ 31) കേരള, തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര സംസ്ഥാനങ്ങളിൽ "മൗണ്ട് സിനായി" എന്ന യൗവനക്കാരുടെ ഉപവാസ കൂട്ടായ്മ 30 സ്ഥലങ്ങളിൽ നടക്കുവാൻ കർത്താവ് കൃപ നൽകി. "കർത്താവിനുവേണ്ടി വിശുദ്ധ ജീവിതം നയിക്കുന്നതെങ്ങനെ?" എന്ന തലക്കെട്ടിൽ രാവിലെയും, "നീ കർത്താവിനുവേണ്ടി എഴുന്നേൽക്കണം" എന്ന വിഷയത്തിൽ വൈകുന്നേരവും ദൈവീക സന്ദേശം നൽകപ്പെട്ടു. ദൈവശുശ്രൂഷകരെ കർത്താവ് ശക്തമായി പ്രയോജനപ്പെടുത്തി. അറിഞ്ഞസത്യമനുസരിച്ച് അനേകർ തങ്ങളുടെ ജീവിതം പൂർണ്ണമായും യേശുക്രിസ്തുവിനുവേണ്ടി സമർപ്പിച്ചു. അനേകർ പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിച്ചു. ഇവരിൽ ഏകദേശം 9,903 പേർ രാജ്യത്തിനുവേണ്ടിയും, ഉണർവിനുവേണ്ടിയും പ്രാർത്ഥിക്കുവാൻ സമർപ്പിച്ചു. മാത്രമല്ല, ക്രിസ്തുമസ് ദിവസങ്ങളിൽ സുവിശേഷം അറിയിക്കുവാൻ 1 പാക്കറ്റിനുള്ളിൽ 3 വിധത്തിലുള്ള ലഘുലേഖകൾ വച്ചിട്ടുണ്ട്. ഈ പാക്കറ്റുകൾ , ഏകദേശം 2.5 ലക്ഷം പേർ വാങ്ങി യേശുക്രിസ്തുവിന്റെ സ്നേഹം അറിയിക്കുവാൻ പോകുന്നു. കർത്താവിന് മഹത്ത്വമുണ്ടാകട്ടെ!






























നാട്ടിലേക്ക്



# ക്രിസ്തുമസ് ആഗതമായി!!

## ഭരിക്കുന്ന നക്ഷത്രം

യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും (സംഖ്യ. 24:17). ഇസ്രായേലിനെ ഭരിക്കാൻ പ്രവാചകന്മാർ പ്രവചിച്ച നക്ഷത്രമാണ് നമ്മുടെ കർത്താവായ യേശുക്രിസ്തു. ഈ ക്രിസ്തുമസ് ദിനങ്ങളിൽ "എന്നെ ഭരിക്കുന്നവൻ ജനിച്ചിരിക്കുന്നു; ഈ നക്ഷത്രം അതിന്റെ പ്രതീകമാണെന്ന്" മറ്റുള്ളവരോടും നിങ്ങളുടെ ഭവനം സന്ദർശിക്കുന്നവരോടും പറയുവിൻ. കാരണം, ക്രിസ്തുവിന്റെ ജനനസമയത്ത് നക്ഷത്രം കണ്ടു എന്ന് വിദ്വാന്മാർ, "യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ട് അവനെ നമസ്കരിപ്പാൻ വന്നിരിക്കുന്നു എന്ന് പറഞ്ഞു" (മത്തായി 2:2). നിങ്ങളുടെ ഭവനത്തിലെ നക്ഷത്രമായ യേശുവിനെ നിങ്ങളുടെ ഹൃദയത്തിന്റെ രാജാവായി അംഗീകരിക്കാതെ കർത്താവിന്റെ ജനനം ആഘോഷിക്കുന്നതിൽ അർത്ഥമില്ല.

## സന്തോഷിപ്പിച്ച നക്ഷത്രം

"നക്ഷത്രം കണ്ടതുകൊണ്ട് അവർ അത്യന്തം സന്തോഷിച്ചു" (മത്തായി 2:10). എല്ലാ വർഷവും ക്രിസ്തുമസ് ആഘോഷിക്കുന്ന ക്രൈസ്തവർ ഇപ്പോഴും ഇരുട്ടിൽ ആഘോഷിക്കുകയാണെങ്കിൽ അത് വളരെ സങ്കടകരമായിരിക്കും. ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് (ഗലാ. 5:19,21) തുടങ്ങിയ പാപങ്ങളുമായി നിങ്ങൾ ക്രിസ്തുമസ് ആഘോഷിക്കാതെ, ഈ വർഷം വെളിച്ചമായ ക്രിസ്തുവിനെ കണ്ടതിന്റെ സന്തോഷത്തോടെ ആഘോഷിക്കുവിൻ.

## അത്ഭുത വഴികാട്ടിയായ നക്ഷത്രം

"അവർ കിഴക്കു കണ്ട നക്ഷത്രം ശിശു ഇരിക്കുന്ന സ്ഥലത്തിനു മീതെ വന്നു നില്ക്കുവോളം അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നു" (മത്തായി 2:9). വിദ്വാന്മാർ കണ്ട നക്ഷത്രം യാക്കോബിൽ നിന്ന് ഉയരുന്നത് കാണാൻ കർത്താവ് അവരെ വഴിനടത്തി. ക്രിസ്തുമസ് വേളയിൽ നാം ഓർക്കുന്ന ഈ നക്ഷത്രം നമ്മെ നേരിട്ട് നിത്യജീവനിലേക്ക് നയിക്കുക മാത്രമല്ല, ക്രിസ്തു തന്നെ വഴിയായി കടന്നുവരുന്നു. അതുകൊണ്ട്, ക്രിസ്തുമസ് ദിവസം ഓർമ്മിക്കുന്ന എല്ലാവരും തന്നെ നിത്യജീവനിലേക്ക് നേരിട്ട് വഴിനടത്തുന്നവനിലൂടെയാണ് ജനിച്ചതെന്ന് ഓർക്കേണ്ടതുണ്ട്. "ഞാൻതന്നെ വഴി" (യോഹ. 14:6) "എന്നിലൂടെ കടക്കുന്നവൻ രക്ഷപെടും" (യോഹ. 10:9) എന്ന വചനപ്രകാരം കർത്താവ് വഴി നടത്തും.

